Deivarajyam July 2015
● R.N.7623/63
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1/7/2015
● Posted at Thodupuzha Stg.
Annual Subscription ₹ 100.00

# ദൈവരാജ്യം

## കോതമംഗലം രൂപത ബുള്ളറ്റിൻ

EPARCHY OF KOTHAMANGALAM

LOVE NEVER ENDS



Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

വാല്യം 54
ജൂലൈ 2015
ലക്കം 7





**ദൈവദാസൻ**
**മോൺ. ജോസഫ് പഞ്ഞിക്കാരൻ**



**സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ**
**National Spiritual Adviser ആയി**
**നിയമിതനായിരിക്കുന്ന ബഹു. സ്റ്റനിസ്ലാവൂസ് കുന്നേലച്ചന്**
**അഭിനന്ദനങ്ങളും ആശംസകളും!**

**ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**



**ദൈവദാസൻ മോൺ. ജോസഫ് പഞ്ഞിക്കാരന്റെ**
**നാമകരണ നടപടികളുടെ രൂപതാതല അന്വേഷണം**
**പൂർത്തിയാക്കിക്കൊണ്ടുള്ള രേഖകളിൽ**
**അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ്**
**ഒപ്പുവയ്ക്കുന്നു.**

ദൈവരാജ്യം

OFFICIAL ORGAN OF THE EPARCHY OF KOTHAMANGALAM

Vol. LIV No. 7 July 2015

Ref: 2857/K-5/KCBC/OL/DS

# യുവജനദിനം 2015

## ജൂലൈ 5, ഞായർ
## കെസിബിസി യുവജനകമ്മീഷൻ
## പുറപ്പെടുവിക്കുന്ന സർക്കുലർ

**"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ: അവർ ദൈവത്തെ കാണും" (മത്താ. 5:8).**

കർത്താവിൽ പ്രിയ യുവജനങ്ങളേ സഹോദരീസഹോദരന്മാരേ,

ആഗോള കത്തോലിക്കാസഭ സമർപ്പിതർക്കുവേണ്ടി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന വർഷമാണല്ലോ 2015 - Year of Consecreted Life. സമാധാനവും സന്തോഷവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൽ ആനന്ദത്തിന്റെ സാക്ഷികളായിക്കൊണ്ട് ലോകത്തെ വിളിച്ചുണർത്താനുള്ള (wake up the world) വലിയ ദൗത്യമാണ് സമർപ്പിതർക്കുള്ളതെന്ന് ഫ്രാൻസിസ് മാർപാപ്പ പഠിപ്പിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും ആവശ്യങ്ങളോട് സർഗാത്മകമായി പ്രത്യുത്തരിക്കുവാൻ പരിശുദ്ധാത്മാവിനാൽ പ്രത്യേകമായി വിളിക്കപ്പെട്ട സമർപ്പിതർ യുവജനങ്ങൾക്ക് എന്നും മാതൃകയാകേണ്ടതാണ്.

**30-ാം ലോക യുവജനദിനം**

യുവജനങ്ങളുടെ മാർപാപ്പയെന്ന് വിളിക്കപ്പെടുന്ന വിശുദ്ധ ജോൺ പോൾ രണ്ടാമന്റെ നേതൃത്വത്തിൽ ആരംഭിച്ച ലോകയുവജനദിന ആഘോഷങ്ങൾ മൂന്നു പതിറ്റാണ്ടുകൾ പൂർത്തിയാക്കുന്ന ഈ വർഷം, യുവജനശുശ്രൂഷാരംഗത്ത് ഒരുചരിത്ര മുഹൂർത്തമാണ്. നിറഞ്ഞ ആവേശത്തോടും ആഗ്രഹത്തോടും കൂടിയാണ് ലോകമെമ്പാടുമുള്ള യുവജനങ്ങൾ യുവജനസമ്മേളനങ്ങളെ ഇന്നോളം ഏറ്റുവാങ്ങിയിട്ടുള്ളത്. യുവജനങ്ങളുടെ ഓരോ കൂടിവരവും അവരുടെ വിശ്വാസത്തിന്റെ പ്രഖ്യാപനമായി മാറി. മൂന്ന് പതിറ്റാണ്ടുകളായി തുടരുന്ന യുവജനങ്ങളുടെ ഈ വിശ്വാസതീർത്ഥാടനം അടുത്തവർഷം ഒത്തുചേരുന്നത് പോളണ്ടിലെ ക്രാക്കോവിലാണ് (Krakow).



**2015-ലെ വിചിന്തന വിഷയം**

വിശുദ്ധ മത്തായി ശ്ലീഹായുടെ സുവിശേഷം അഞ്ചാം അദ്ധ്യായത്തിൽ കാണുന്ന സുവിശേഷ സൗഭാഗ്യങ്ങളെ അധികരിച്ചുള്ള ചിന്തകളാണ് 2014-2015 വർഷങ്ങളിൽ തിരുസഭ പങ്കുവയ്ക്കുന്നത്. "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്" (മത്താ. 5:3) എന്ന തിരുവചനത്തെ അടിസ്ഥാനമാക്കി ദാരിദ്ര്യത്തെയും ദരിദ്രരെയും സംബന്ധിക്കുന്ന മൂന്നു നിർദേശങ്ങൾ കഴിഞ്ഞവർഷം ഫ്രാൻസിസ് മാർപാപ്പ യുവജനങ്ങളോട് പങ്കുവച്ചിരുന്നു: 1) ദരിദ്രരെ സ്നേഹിക്കുവാൻ പഠിക്കുക (2) ദരിദ്രഭാവം സ്വന്തമാക്കുക (3) ദരിദ്രരിൽ നിന്നു പഠിക്കുക. 2015-ൽ മുപ്പതാം ലോകയുവജനദിനത്തോടനുബന്ധിച്ച് ആറാമത്തെ സുവിശേഷഭാഗ്യമായ, "ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ: അവർ ദൈവത്തെ കാണും" (മത്താ. 5:8) എന്ന തിരുവചനഭാഗമാണ് മാർപാപ്പ ലോകമെമ്പാടുമുള്ള യുവജനങ്ങൾക്കായി നൽകുന്നത്.

**ഹൃദയപരിശുദ്ധി, ദൈവത്തെ കാണുവാൻ**

ദൈവത്തോടും മാലാഖമാരോടുമൊപ്പം നടന്നിരുന്ന മനുഷ്യന്റെ ഹൃദയം അനുഭവിക്കുന്ന സ്വർഗീയ സൗഭാഗ്യത്തെ സന്തോഷത്തിന്റെ നിറവായി തിരുവചനം പഠിപ്പിക്കുന്നുണ്ട്. ദൈവിക അനുഗ്രഹങ്ങളാൽ നിറയുന്ന മനുഷ്യഹൃദയം അനുഭവിക്കുന്ന സന്തോഷത്തെ സുവിശേഷസൗഭാഗ്യങ്ങളിൽ കാണുന്ന "ഭാഗ്യവാൻ" എന്ന സംജ്ഞയോട് ചേർത്തുവയ്ക്കാവുന്നതാണ്.

സുവിശേഷഭാഗ്യങ്ങളിൽ "ഭാഗ്യവാൻ" എന്ന പ്രയോഗം ഒൻപതുതവണ ആവർത്തിക്കുന്നുണ്ട് (മത്താ. 5/1-12). ഓരോ യുവാവും യുവതിയും വിളിക്കപ്പെട്ടിരിക്കുന്നത് ഈ സൗഭാഗ്യാവസ്ഥയിൽ എത്തിച്ചേരുന്നതിനും അതിൽ നിലനിൽക്കുന്നതിനുമാണ്. തിന്മയുടെ മൂടുപടങ്ങളിൽനിന്നും നൈമിഷിക സന്തോഷങ്ങളിൽനിന്നും പുറത്തുവന്ന് സത്യത്തിന്റെയും ധർമ്മത്തിന്റെയും സുതാര്യതയുടെയും യഥാർത്ഥ മുഖമായി യേശുവിന്റെ സാക്ഷികളായി മാറുവാനുള്ള വിളിയാണിത്. സമർപ്പിത ജീവിതത്തിന്റെ ചൈതന്യമുൾക്കൊണ്ടുകൊണ്ട്, വെല്ലുവിളികൾ നിറഞ്ഞ ആധുനിക ലോകത്തിൽ സന്തോഷത്തിന്റെ യുവജന സാക്ഷികളായ പുണ്യജന്മങ്ങളാകാൻ ഓരോ യുവാവിനെയും യുവതിയെയും ദൈവം ഇന്നും വിളിക്കുന്നുണ്ട്.

**സന്തോഷത്തിനുവേണ്ടിയുള്ള മനുഷ്യന്റെ ആഗ്രഹം**

ലോകമെങ്ങും ഇന്ന് സന്തോഷത്തിന്റെ പിന്നാലെ പായുകയാണ്. ധനത്തോടുള്ള അടങ്ങാത്ത ആഗ്രഹവും ജീവിത സൗകര്യങ്ങളുടെ ധാരാളിത്തവും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും നിയന്ത്രണമില്ലാത്ത ഉപയോഗവും മനുഷ്യന്റെ സന്തോഷം തേടിയുള്ള വഴി പിഴച്ച യാത്രയുടെ പരിണിതഫലങ്ങളാണ്. ഏതുവിധേനയും സന്തോഷം നേടിയെടുക്കുവാനുള്ള മനുഷ്യന്റെ അടങ്ങാത്ത ത്വര, സൃഷ്ടിയുടെ ആദ്യസമയം മുതൽ തുടങ്ങിയതാണ്. ഉത്പത്തിപ്പുസ്തകത്തിൽ കാണുന്ന ആദിമാതാപിതാക്കളുടെ പാപാവസ്ഥ, നിഷിധമായ വഴികളിലൂടെ ദൈവത്തെ മാറ്റിനിറുത്തി, കൂടുതൽ സൗഭാഗ്യങ്ങളും സന്തോഷവും തേടുന്ന മനുഷ്യന്റെ നേർചിത്രമാണ്. തങ്ങളുടെ സമഗ്രവിമോചനത്തിനായി ഒരു രക്ഷകൻ വരണമേയെന്നുള്ള പഴയനിയമ ജനതയുടെ നിലവിളിയുടെ ആധുനികശബ്ദമാണ് ലോകമെങ്ങും നാം ഇന്ന് കേട്ടുകൊണ്ടിരിക്കുന്നത്.

**സാമൂഹികസന്തോഷത്തെ നഷ്ടപ്പെടുത്തുന്ന ഭീകരത**

തീവ്രവാദങ്ങളുടെ പേരിൽ സാമൂഹിക സന്തോഷം നഷ്ടപ്പെടുന്ന ഒരു കാലഘട്ടത്തിലൂടെ ലോകം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. ആഗോളതലത്തിൽ ശാന്തിയും സമാധാനവും പുനഃസ്ഥാപിക്കുക എന്നത് ആധുനിക ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. മാലാഖമാരുടെ ഗാനങ്ങൾ ഉയരേണ്ട മേഘവിതാനങ്ങൾ, യുദ്ധവിമാനങ്ങളുടെയും മിസൈലുകളുടെയും കാതടപ്പിക്കുന്ന ശബ്ദത്താൽ ഭയജനകമായിരിക്കുന്നു. ശിശുക്കളുടെ പൊട്ടിച്ചിരികളും കിളികളുടെ നാദവുമുയരേണ്ട ഭൂമി തകർന്നടിഞ്ഞ ശവകൂമ്പാരങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ജീവിതസൗഭാഗ്യങ്ങളിലേക്കും സന്തോഷത്തിലേക്കും നയിക്കേണ്ട ആധുനിക കണ്ടുപിടിത്തങ്ങളും ശാസ്ത്ര സാങ്കേതിക വളർച്ചയും മനുഷ്യവംശത്തിന്റെയും പ്രകൃതിയുടെയും ഉന്മൂലനത്തിനായി ഭവിക്കുമോ എന്നു ഭയപ്പെടേണ്ടതായി വരുന്നു.

ലോകചരിത്രത്തിലിന്നോളം മതപീഡനങ്ങൾക്ക് ഇരകളാകുന്നതിൽ ഭൂരിപക്ഷവും യുവജനങ്ങളാണെന്ന് കാണാം. ഒരു നാടിനെയും സംസ്കാരത്തെയും വിശ്വാസത്തെയും തകർക്കാൻ യുവജനങ്ങളെ ഇല്ലാതാക്കുകയാണ് ഏറ്റവും വലിയ ആയുധമെന്നത് യുദ്ധതന്ത്രമാണ്. യേശുവിനെയും അവനിലുള്ള വിശ്വാസത്തെയും തള്ളിപ്പറയാത്തതിന്റെപേരിൽ തലയറക്കപ്പെട്ട യുവജനങ്ങളുടെ ഞെട്ടിപ്പിക്കുന്ന ചിത്രങ്ങളും വീഡിയോകളും മനുഷ്യജീവനുനേരെയും ധാർമ്മികതയ്ക്കുനേരെയും ഉയർന്നു വരുന്ന ഭീകരമായ വെല്ലുവിളികളാണ്. "മാനവികതയ്ക്കും ദൈവത്തിനുമെതിരായ അവഹേളനമാണിത്. ദൈവത്തിന്റെ പേരിൽ ഒരിക്കലും വിദ്വേഷവും വെറുപ്പും സൃഷ്ടിക്കരുത്. ദൈവത്തിന്റെ പേരിൽ യുദ്ധങ്ങൾ ഉണ്ടാക്കുകയുമരുത്." ലോക മനഃസാക്ഷിയെ വിളിച്ചുണർത്തുന്ന ഫ്രാൻസിസ് മാർപാപ്പയുടെ ഈ വാക്കുകൾക്ക് ഇനിയും ചെവികൊടുക്കാത്ത ക്രൂരമുഖങ്ങൾ ഇപ്പോഴും താണ്ഡവമാടുന്നു എന്നത് ഏറ്റവും വേദനാജനകമാണ്.



ഭയാശങ്കകൾ നിറയുന്ന ഈ ലോകത്തിൽ ക്രൈസ്തവർക്കു നൽകാൻ കഴിയുന്ന ജീവിതസാക്ഷ്യം വേറിട്ടതാവണമെന്ന് ഫ്രാൻസിസ് മാർപാപ്പാ പഠിപ്പിക്കുന്നു. ഈ ലോകത്തിൽ നാം വിശ്വാസിയായിരിക്കണമെന്നും ഈ വിശ്വാസത്തിന്റെ മൂലക്കല്ല് സുവിശേഷത്തിന്റെ സന്തോഷമായിരിക്കണമെന്നും അദ്ദേഹം ഓർമിപ്പിക്കുന്നു. വിശ്വാസത്തിന്റെ പേരിൽ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വേദനിക്കുന്നവരെയും ശിരസ്സറ്റുവീഴുന്നവരെയും നാടുംവീടും വിട്ട് പലായനം ചെയ്യേണ്ടിവരുന്നവരെയും ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ടവരെയും ഓർത്തുകൊണ്ട്, പ്രതീക്ഷ നഷ്ടപ്പെടുന്ന ഒരു കാലഘട്ടത്തിലെ വിശുദ്ധജന്മങ്ങളാണ് ഈ മക്കളെന്ന് അദ്ദേഹം അനുസ്മരിക്കുന്നു.

ഭീതിജനകമാംവിധം വളർന്നുകൊണ്ടിരിക്കുന്ന ദൈവനിഷേധവും തൊഴിലില്ലായ്മയും മദ്യമയക്കുമരുന്നു സംസ്കാരങ്ങളും ആധുനിക മാധ്യമങ്ങളുടെ അതിപ്രസരവും ജീവനെതിരെ ഉയർന്നുവരുന്ന എല്ലാ മരണസംസ്കാരങ്ങളും യുവജനങ്ങളുടെ പഠനത്തിനും പരിചിന്തനത്തിനും വിഷയീഭവിക്കണം. വെല്ലുവിളികളിൽ തളരാതെ ഒരു ഫീനിക്സ് പക്ഷിയെപ്പോലെ അവർ ഉണർന്നെഴുന്നേൽക്കണം. നമ്മുടെ കലാലയങ്ങളെയും യുവതലമുറയെയും കേന്ദ്രീകരിച്ചുകൊണ്ട് വളർന്നു വരുന്ന മയക്കുമരുന്നു സംസ്കാരത്തിനെതിരേ കർമ്മ പരിപാടികളുമായി രംഗത്തിറങ്ങേണ്ടത് യുവജനങ്ങൾ തന്നെയാണ്. പാവനമായ കുടുംബബന്ധങ്ങളുടെ തകർച്ചയുൾപ്പെടെ ഇന്ന് സമൂഹത്തിൽ കാണുന്ന എല്ലാ മൂല്യശോഷണങ്ങളുടെയും അടിസ്ഥാന കാരണം മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗമാണെന്നു കണ്ടെത്താനാകും. സാമൂഹികസന്തോഷം നഷ്ടപ്പെടുത്തുന്ന ഇപ്രകാരമുള്ള ഭീകരതകളുടെ അധിനിവേശത്താൽ പ്രതീക്ഷ നഷ്ടപ്പെടുന്ന ഒരു തലമുറയുടെ മുന്നണിപ്പോരാളികളാകുവാനുള്ള വിളി ഓരോ ക്രൈസ്തവ യുവാവിനും യുവതിക്കുമുണ്ട്.

**സന്തോഷത്തിന്റെ യുവജനസാക്ഷികൾ**

അസമാധാനവും അക്രമവും സാമൂഹിക അനീതികളും അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന ഈ കാലഘട്ടത്തിൽ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും യുവജനസാക്ഷികളെ ഉയർത്തിക്കൊണ്ടുവരുക എന്നത് യുവജനങ്ങളുടെയും സഭയുടെയും സമൂഹ

ത്തിന്റെയും ആവശ്യമാണ്. സമൂഹത്തിൽ ശബ്ദമില്ലാത്തവരുടെ ശബ്ദമായി മാറുവാനുള്ള യുവജനങ്ങളുടെ ദൗത്യം എക്കാലത്തേക്കാളും ഇന്ന് ആവശ്യമായിരിക്കുന്നു. ഇതിനായി ജീവിതമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു സമൂഹത്തിന്റെ ഉയിർത്തെഴുന്നേൽപ്പ് യുവജനങ്ങളിലൂടെ സാധ്യമാകണം.

ഹൃദയവിശുദ്ധിയുള്ളവരായി, ദൈവത്തെയും മനുഷ്യനെയും പ്രകൃതിയെയും സ്നേഹിക്കുകയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു തലമുറയുടെ അഭാവം ഈ കാലഘട്ടത്തിന്റെ ശോചനീയാവസ്ഥയാണ്. ഈ കാലഘട്ടത്തിൽ സന്തോഷത്തിന്റെ സാക്ഷികളാകുവാൻ മാർപാപ്പ മുൻപോട്ടുവയ്ക്കുന്ന പത്തു നിർദേശങ്ങൾ യുവജനങ്ങളും യുവജനശുശ്രൂഷയിൽ ഏർപ്പെടുന്ന ഏവരും പ്രാവർത്തികമാക്കേണ്ടതാണ്. ജീവിക്കുക ജീവിക്കാനനുവദിക്കുക, നിങ്ങളെ മറ്റുള്ളവർക്കായി നൽകുക, ജീവിതത്തിൽ ശാന്തത കൈവെടിയാതിരിക്കുക, ഒഴിവുവേളകൾ ആരോഗ്യകരമായി ചെലവഴിക്കുക, ഞായറാഴ്ചകൾ കുടുംബത്തിനായി മാറ്റിവയ്ക്കുക, യുവജനങ്ങളെ പ്രചോദനപരമായ മാന്യതയുള്ള ജോലികളിൽ ഉൾപ്പെടുത്തുക, പ്രകൃതിയോട് ബഹുമാനമുള്ളവരായിരിക്കുക, നിഷേധാത്മകമായി പ്രതികരിക്കാതിരിക്കുക, മതസ്വാതന്ത്ര്യത്തെ ഹനിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരിക്കുക, സമാധാനത്തിനുവേണ്ടി പ്രവർത്തിക്കുക എന്നിവയാണ് ആ പത്തു നിർദേശങ്ങൾ.

**ഉപസംഹാരം**

ലോകത്തെ വിളിച്ചുണർത്താൻ വിളിക്കപ്പെട്ട യുവജനങ്ങളുടെ ചൈതന്യം സമർപ്പിതചൈതന്യമാണ്. ഈ വർഷത്തെ യുവജന ദിന ചിന്തകൾക്കാധാരമായ "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും" എന്ന തിരുവചനവാക്യം സമർപ്പിത ചൈതന്യത്താൽ നിറഞ്ഞ യുവജനഹൃദയത്തിന്റെ നേർക്കാഴ്ചയാണ്. ഓരോ യുവജനദിനാഘോഷവും യുവജനങ്ങളിലൂടെ നവീകരിക്കപ്പെടുന്ന പുതുലോകത്തിലേക്കുള്ള പ്രയാണത്തിന്റെ ഓർമ്മപ്പെടുത്തലാവണം. എല്ലാ യുവജനങ്ങൾക്കും യുവജനശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു.

**ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ**
ചെയർമാൻ, കെസിബിസി യുവജനകമ്മീഷൻ
**ബിഷപ്പ് വിൻസെന്റ് സാമുവൽ**
വൈസ് ചെയർമാൻ, കെസിബിസി യുവജനകമ്മീഷൻ
**ബിഷപ്പ് തോമസ് മാർ അന്തോണിയോസ്**
വൈസ് ചെയർമാൻ, കെസിബിസി യുവജനകമ്മീഷൻ

---



**N.B.** 2015 ജൂലൈ 5-ാം തീയതി നമ്മുടെ എല്ലാ ദൈവാലയങ്ങളിലും, അന്നേ ദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഈ സർക്കുലറിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കേണ്ടതാണ്.

---

# കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

No. KCBC/EC/03/2015

(കേരളത്തിലെ റെഗുലർ ഇംഗ്ലീഷ്-മലയാളം വിദ്യാലയങ്ങളിൽ മൂല്യബോധനക്ലാസ്സുകൾ ക്രമീകരിക്കുന്നതു സംബന്ധിച്ച് കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ ബന്ധപ്പെട്ടവർക്ക് നല്കുന്ന നിർദ്ദേശങ്ങൾ)

അഭിവന്ദ്യ പിതാക്കന്മാരേ, സമർപ്പിത സമൂഹശ്രേഷ്ഠരേ, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്ന വന്ദ്യവൈദികരേ, ബഹുമാനപ്പെട്ട സഹോദരിമാരേ, സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ശുശ്രൂഷകരേ,

പരിശുദ്ധ കത്തോലിക്കാസഭ മനുഷ്യവർഗ്ഗം മുഴുവന്റെയും അമ്മയാണ്. ആ നിലയിൽ മക്കളുടെ ഓരോ ചുവടുവയ്പും അതീവ ജാഗ്രതയോടും താത്പര്യത്തോടും കൂടിയാണ് സഭ നോക്കിക്കാണുന്നത്. ചെറുപ്രായത്തിൽ തന്നെ ഓരോ വ്യക്തിയും ജീവിതത്തിൽ അനുവർത്തിക്കേണ്ടതായ ധാർമ്മികമൂല്യങ്ങളെക്കുറിച്ച് അറിവുള്ളവരായി വളരണമെന്നാണ് സഭ ആഗ്രഹിക്കുന്നത്. അദ്ധ്യാപകർക്കാണ് മൂല്യബോധമുള്ള തലമുറയെ വാർത്തെടുക്കാൻ കഴിയുന്നത്. അവർ മാതാപിതാക്കളുടെ സഹകാരികളെന്ന നിലയ്ക്കും സാമൂഹികജീവിതക്രമം പരിശീലിപ്പിക്കുന്നവരെന്ന നിലയ്ക്കും കുട്ടികളുടെ ചിന്തകളെയും വാക്കുകളെയും ചലനങ്ങളെയും ഏറെ സ്വാധീനിക്കാൻ പോന്നവരാണ്. സഭ അദ്ധ്യാപകരുടെ നിസ്തുലവും നിർമ്മലവുമായ അർപ്പണത്തെ എല്ലാക്കാലത്തും വിലമതിച്ചിട്ടുണ്ട്. ഇന്നും അദ്ധ്യാപക സമൂഹത്തോടു സഭയ്ക്ക് അതിരറ്റ വാത്സല്യവും ആദരവുമാണുള്ളത്. അദ്ധ്യാപകർ മനസ്സറിഞ്ഞു കുട്ടികളുടെ ജീവിതത്തെ സ്പർശിച്ചാൽ വിദ്യാർത്ഥികൾ കുറ്റമറ്റവരാകും. നാടിന്റെ ശ്രേയസ്സിനും മനുഷ്യർ തമ്മിലുള്ള സമാധാനപൂർണ്ണമായ സഹവർത്തിത്വത്തിനും ഉതകുന്നവരായി വളരും. ഏല്പിക്കപ്പെട്ട വിഷയങ്ങൾ പഠിപ്പിച്ച് തീർക്കുകയും പരീക്ഷകൾ നടത്തി ക്ലാസ്സ് കയറ്റി വിടുകയും ചെയ്യുകയെന്ന സാമാന്യരീതിയിൽനിന്ന് ജീവസ്സുറ്റ അദ്ധ്യാപന പ്രക്രിയയിലേക്ക് അദ്ധ്യാപകസമൂഹം ഉയർന്നു വരണം.

അവരവരുടെ വിഷയങ്ങൾ ക്ലാസ്സ് മുറികളിൽ കൈകാര്യം ചെയ്യുമ്പോൾത്തന്നെ വിവേകമതികളായ അദ്ധ്യാപകർ ജീവിതമൂല്യങ്ങൾ കുട്ടികളിലേക്ക് സന്നിവേശിപ്പിക്കും. എന്നാൽ പാഠഭാഗം തീർക്കാനുള്ള വ്യഗ്രതയും മറ്റ് ഉത്തരവാദിത്വങ്ങൾ സൃഷ്ടിക്കുന്ന ബദ്ധപ്പാടും പല അദ്ധ്യാപകരെയും കാതലായ ഈ ദൗത്യം നിർവ്വഹിക്കുന്നതിൽ വീഴ്ചയുള്ളവരാക്കുന്നു.

മൂല്യബോധനം നൽകേണ്ടതിന്റെ പ്രാധാന്യം എല്ലാവരെയും ഓർമ്മപ്പെടുത്തുന്നതിനും ഒരു നിശ്ചിതസമയം അതിനുവേണ്ടി മാറ്റിവയ്ക്കാൻ പ്രേരിപ്പിക്കുന്നതിനും വേണ്ടി കത്തോലിക്കാ വിദ്യാലയങ്ങളിൽ മൂല്യബോധനക്ലാസ്സുകൾ നിർബന്ധമായും നടത്തണമെന്ന് കേരളത്തിലെ മെത്രാൻസമിതി തീരുമാനിക്കുകയുണ്ടായി. അതിനെക്കുറിച്ച് കഴിഞ്ഞ വർഷം ഞാൻ നിങ്ങൾക്കെഴുതിയിരുന്നത് ഓർമ്മിക്കുമല്ലോ. ഈ അക്കാദമിക വർഷം മുതൽ നമ്മുടെ എല്ലാ വിദ്യാലയങ്ങളിലും മൂല്യബോധനക്ലാസ്സുകൾ നടത്താൻ സമയം നിശ്ചയിക്കണം. മാത്രമല്ല പി.ഒ.സി. തയ്യാറാക്കി പ്രസിദ്ധം ചെയ്തിട്ടുള്ള പാഠപുസ്തകങ്ങൾ (ഇംഗ്ലീഷ്/മലയാളം) അതിനുപയോഗിക്കുകയും വേണം. അപ്രകാരം എല്ലാവരും ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷനെയാണ് മെത്രാൻ സമിതി ചുമതലപ്പെടുത്തിയിരിക്കുന്നത്.

റെഗുലർ വിദ്യാലയങ്ങളിലെ മൂല്യബോധനക്ലാസ്സുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ പി.ഒ.സി.യിൽനിന്നും വാങ്ങി വിതരണം ചെയ്യുന്നതിനും വിദ്യാഭ്യാസകമ്മീഷൻ തയ്യാറാക്കുന്ന ചോദ്യപേപ്പറുകൾ വാങ്ങി യഥാസമയം പരീക്ഷകൾ നടത്തുന്നതിനും ഉത്തരവാദിത്വപ്പെട്ട വൈദികനെ രൂപതകളിൽ നിയമിക്കാൻ അഭിവന്ദ്യ പിതാക്കന്മാർ ശ്രദ്ധിക്കുമല്ലോ. ചില രൂപതകളിൽ ഇപ്പോൾത്തന്നെ ഇക്കാര്യം നിർവ്വഹിക്കുന്നതിന് മതബോധന ഡയറക്ടറെയോ കോർപ്പറേറ്റ് മാനേജുമെന്റ് സെക്രട്ടറിയെയോ ചുമതലപ്പെടുത്തിയിട്ടുണ്ട്. അത് മറ്റുള്ളവർക്കും അനുകരിക്കാവുന്നതാണ്. ഏകതാനമായവിധം ഈ പ്രേഷിതപ്രവർത്തനം നടത്തുന്നതിന് കേന്ദ്രീകൃത സംവിധാനം ആവശ്യമാണ്. എയ്ഡഡ്, മലയാളം-ഇംഗ്ലീഷ് മീഡിയം അൺ എയ്ഡഡ്, സി.ബി.എസ്.സി, ഐ.സി.എസ്.സി, വിദ്യാലയങ്ങളുടെ ചുമതലക്കാർ അതാതു രൂപതകളിൽ ഇക്കാര്യത്തിനായി ഉത്തരവാദിത്വപ്പെട്ട വൈദികനോട് സഹകരിച്ച് പ്രവർത്തിക്കണമെന്ന് നിർദ്ദേശിക്കുന്നു. ഇതിനോടകം തന്നെ പല രൂപതകളിലെയും വിദ്യാലയങ്ങളിൽ മൂല്യബോധനക്ലാസ്സുകൾ തുടങ്ങിയിട്ടുണ്ടെന്നറിയുന്നതിൽ സന്തോഷം. ചിലരെങ്കിലും



കഴിഞ്ഞ വർഷത്തെ നിർദ്ദേശം മറന്നുകൊണ്ട് മറ്റ് ഏജൻസികളുടെ പുസ്തകങ്ങളാണ് ഉപയോഗിക്കുന്നതെന്നും അറിയുന്നു. അങ്ങനെയാണെങ്കിൽ അടുത്ത അക്കാദമിക വർഷം മുതൽ എല്ലാവരും പി.ഒ.സി. യുടെ പുസ്തകങ്ങൾ തന്നെ ഉപയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഏതു മാനേജുമെന്റിലെ വിദ്യാലയങ്ങളിലും ഉപയോഗിക്കാൻ യോജിച്ച വിധം തയ്യാറാക്കപ്പെട്ടിട്ടുള്ളതാണ് ഈ പുസ്തകങ്ങൾ.

ജനുവരി മൂന്നാംവാരത്തിലെ ഒരു ദിവസം (തീയതി പിന്നീട് അറിയിക്കുന്നതാണ്) ഒരേ സമയത്തു തന്നെ എല്ലാ വിദ്യാലയങ്ങളിലും പരീക്ഷകൾ നടത്തേണ്ടതാണ്. കമ്മീഷൻ നിശ്ചയിച്ചറിയിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി അർഹിക്കുന്നവർക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നതായിരിക്കും. മാനേജുമെന്റുകളും അദ്ധ്യാപക-അനദ്ധ്യാപക ശുശ്രൂഷകരും ഈ ദൗത്യത്തിൽ കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷനോട് നിർലോഭം സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽനിന്ന് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥിനീവിദ്യാർത്ഥികൾ മാന്യരും മൂല്യാധിഷ്ഠിത നിലപാടുകൾ സ്വീകരിക്കുന്നവരുമായി സാമൂഹിക ജീവിതവഴിത്താരകളിൽ സേവനനിരതരാകുമ്പോഴാണ് നാം നമ്മുടെ ദൗത്യത്തിൽ വിജയിക്കുന്നത്. കേവലം വിഷയാധിഷ്ഠിത അദ്ധ്യാപനത്തിനുപരിയായി നമ്മുടെ വിദ്യാർത്ഥികൾ ഉത്തരവാദിത്വമുള്ളവരും പൊതുനന്മയ്ക്കായുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുമാകണമെന്ന താത്പര്യത്തോടെ സാമൂഹികജീവിതത്തിൽ അവർ ഭാഗഭാഗക്കുകളാകുന്നതിന് ഉതകുന്ന അദ്ധ്യാപനരീതിയാണ് അവലംബിക്കേണ്ടത്.

അഴിമതിയും ധൂർത്തും ലൈംഗികാസക്തിയുടെ ദുരുപയോഗവും മദ്യവും ലഹരിയും കൊള്ളയും കൊലപാതകവും തജ്ജന്യമായ മറ്റു തിന്മകളും നമ്മുടെ സമൂഹത്തിൽ ആപത്കരമായി വർദ്ധിക്കുകയാണെന്ന വസ്തുത മറക്കരുത്. കത്തോലിക്കാമാനേജുമെന്റുകളും അദ്ധ്യാപകരും ആത്മാർത്ഥതയോടെ സ്ഥിരപരിശ്രമം ചെയ്താൽ ഈ തിന്മകളൊക്കെയും കുറയ്ക്കുവാൻ സാധിക്കും. അതിനുള്ള ആദ്യചുവടെന്ന നിലയിൽ മൂല്യബോധനക്ലാസ്സുകൾ ചിട്ടയായും ക്രമമായും നിഷ്ഠയോടെ നടപ്പിലാക്കാൻ നമുക്കു പ്രതിജ്ഞാബദ്ധരാകാം.

വിദ്യാഭ്യാസശുശ്രൂഷാമേഖലയിൽ നിങ്ങൾ നല്കി വരുന്ന നിസ്വാർത്ഥ സേവനങ്ങൾക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു.

കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷന്റെ പ്രവർത്തനങ്ങളിൽ

നിങ്ങൾ കാണിക്കുന്ന താത്പര്യത്തിനും സഹകരണത്തിനും ആത്മാർത്ഥതയോടെ കൃതജ്ഞത പ്രകാശിപ്പിക്കുന്നു. നാമെല്ലാവരും ഒരേ ലക്ഷ്യത്തിനു വേണ്ടി പ്രവർത്തിക്കുന്നവരാകയാൽ പരസ്പര ബഹുമാനത്തോടും സഹകരണത്തോടും കൂടി ഒരുമിച്ചു മുന്നേറാം. അതിന് നമ്മുടെ നാഥനും കർത്താവുമായ ഈശോമിശിഹാ നമ്മെ അനുഗ്രഹിക്കട്ടെ.

**ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്,**
ചെയർമാൻ,
കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ

## സീറോ മലബാർ മാട്രിമോണിയൽ നെറ്റ്‌വർക്കിനെ സംബന്ധിച്ച സർക്കുലർ

പ്രിയ ബഹുമാനപ്പെട്ട സഹോദരീസഹോദരന്മാരേ,

സഭയുടെയും സമുദായത്തിന്റെയും സമൂഹത്തിന്റെയും അടിസ്ഥാനം കുടുംബമാണല്ലോ. കുടുംബം നന്നായാൽ ഇവ മൂന്നും നന്നാകും. അതുകൊണ്ട് നല്ല കുടുംബങ്ങൾ രൂപീകരിക്കപ്പെടേണ്ടത് ഇവയുടെ നിലനില്പിന് അത്യന്താപേക്ഷിതമാണ്. എന്നാൽ അനുയോജ്യരായ ജീവിതപങ്കാളിയെ കണ്ടെത്തുക എന്നത് ഇന്നൊരു പ്രയാസമേറിയ കാര്യമാണ്. സീറോ മലബാർ സഭയിൽ ഇതൊരു പ്രതിസന്ധി തന്നെ സൃഷ്ടിച്ചിട്ടുണ്ട്. ഇന്ത്യയിലെ വിവിധ ഭാഗങ്ങളിലേയ്ക്കും ഇന്ത്യയ്ക്ക് പുറത്തേയ്ക്കുമുള്ള യുവജനങ്ങളുടെ കുടിയേറ്റത്തിന്റെ സൃഷ്ടിയാണ് ഒരു പരിധി വരെ ഈ പ്രതിസന്ധി. പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും വിദ്യാഭ്യാസനിലവാരത്തിലുള്ള അസന്തുലിതാവസ്ഥയും ഇതിന് ആക്കം കൂട്ടുന്നുണ്ട്.

നാട്ടിൽ നിന്നും വീട്ടിൽ നിന്നും അകലെയായിരിക്കുന്ന യുവജനങ്ങൾക്ക് പരമ്പരാഗത ശൈലിയിൽ ജീവിതപങ്കാളിയെ കണ്ടെത്താനുള്ള സാദ്ധ്യത ഇന്ന് വളരെ കുറവാണ്. അതുകൊണ്ട് കൂടുതൽ പേരും ഇന്റർനെറ്റിനെ ആശ്രയിച്ച് ഓൺലൈൻ മാട്രിമോണിയൽ സൈറ്റുകളിൽ പേര് രജിസ്റ്റർ ചെയ്താണ് വധൂവരന്മാരെ കണ്ടെത്തുന്നത്. സ്വന്തം മതത്തിനും സമുദായത്തിനും പുറത്ത് നിന്നും ജീവിതപങ്കാളിയെ കണ്ടെത്താനുള്ള പ്രവണത ഇവിടെ കൂടുതലാണ്. ഇതിനൊരു പരിഹാരമായിട്ടാണ് സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ നേതൃത്വത്തിൽ ഒരു ഓൺലൈൻ മാട്രിമോണിയൽ



സർവീസ് ആരംഭിച്ചിരിക്കുന്നത്. www.syromalabarmatrimony.org എന്ന വിലാസത്തിൽ അത് നിങ്ങൾക്ക് കണ്ടെത്താവുന്നതാണ്.

www.syromalabarmatrimony.org സീറോ മലബാർ സഭയിലെ ഭൂരിപക്ഷം രൂപതകളുടെയും സഹകരണത്തോടെ നടത്തപ്പെടുന്നു ഒരു സേവനമാണ്. കുറഞ്ഞ ചെലവിൽ വിശ്വാസ്യതയോടെ ജീവിതപങ്കാളിയെ കണ്ടെത്താനുള്ള സൗകര്യം ഈ സേവനം ഒരുക്കുന്നു. ഇപ്പോൾ തന്നെ ഭാഗികമായി ഈ സേവനം ലഭ്യമാണ്. 2015 ജൂൺ 7 മുതൽ വളരെ വിപുലമായ സൗകര്യങ്ങളോടെ നിങ്ങൾക്കിത് ലഭ്യമാണ്. രജിസ്റ്റർ ചെയ്യുന്ന ഏതൊരാൾക്കും സീറോമലബാർ സഭയിലെ ഇന്ത്യയിലും ഇന്ത്യയ്ക്ക് പുറത്തുനിന്നുമുള്ള ഏത് രൂപതയിൽ നിന്നും രജിസ്റ്റർ ചെയ്ത എല്ലാവരുടെയും വിവരങ്ങൾ ലഭ്യമാണ്. ഓരോ രജിസ്ട്രേഷനും പൂർത്തിയാക്കുന്നതിന് മുമ്പായി ഓരോരുത്തരെപ്പറ്റിയുള്ള വിവരങ്ങൾ അന്വേഷിച്ചറിഞ്ഞ് സത്യമാണെന്ന് ഉറപ്പു വരുത്തിയ ശേഷമേ രജിസ്ട്രേഷൻ പൂർത്തിയാക്കുകയുള്ളൂ. അതുകൊണ്ട് പ്രൊഫൈലിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ നിങ്ങൾക്ക് സംശയം ഉണ്ടാകേണ്ടതില്ല.

സീറോ മലബാർ സഭയിൽ ഏത് രൂപതയിലും രൂപതയ്ക്ക് പുറത്തുമുള്ള വിവാഹ ഒരുക്കകോഴ്സുകളുടെ വിവരം അറിയാനും വേണമെങ്കിൽ അവയിൽ രജിസ്റ്റർ ചെയ്യാനും ഈ സൈറ്റിലൂടെ സാദ്ധ്യമാണ്. ഏതാനും ദിവസത്തെ അവധിക്ക് മാത്രമായി നാട്ടിൽ എത്തുന്ന പ്രവാസികൾക്ക് ഇത് ഏറെ സഹായകരമാണ്.

വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ പ്രൊഫൈൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രൊഫൈൽ മാസികയും ഇതോടൊപ്പം ലഭ്യമാണ്. നമ്മുടെ സഭയിലെ ഇടവക വികാരിയച്ചന്മാരുടെ പക്കൽ അവ പ്രസിദ്ധീകരിക്കുന്ന ക്രമത്തിൽ എത്തിക്കുന്നതാണ്.

സീറോ മലബാർ മാട്രിമണി നെറ്റ്‌വർക്കിന്റെ സേവനം പരമാവധി ഉപയോഗപ്പെടുത്തി നമ്മുടെ കുടുംബങ്ങളുടെ ഭദ്രത ഉറപ്പ് വരുത്താം. ഏവർക്കും www.syromalabarmatrimony.org എന്ന സൈറ്റിലേക്ക് സ്വാഗതം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

**ബിഷപ്പ് ജോസ് പൊരുന്നേടം**
ചെയർമാൻ
സീറോ മലബാർ ചർച്ച് ഇന്റർനെറ്റ് മിഷൻ

Port.No.15/29-06-2015

# എപ്പാർക്കിയൽ അസംബ്ലി സംബന്ധിച്ച ഡിക്രി

ദൈവകൃപയാൽ
കോതമംഗലം രൂപതയുടെ മെത്രാനായ

**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**

നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും
സന്യാസിനീസന്യാസികൾക്കും
അല്മായ വിശ്വാസികൾക്കും ആശീർവാദം

വന്ദ്യ സഹോദരരേ, പ്രിയ മക്കളെ,

കോതമംഗലം രൂപതയിലെ രണ്ടാമത്തെ എപ്പാർക്കിയൽ അസംബ്ലി 2015 ജൂലൈ 19 മുതൽ 23 വരെ തീയതികളിൽ നടക്കുകയാണല്ലോ. നമ്മെ സംബന്ധിച്ചിടത്തോളം വലിയ ദൈവാനുഗ്രഹത്തിന്റെ അവസരമായിരിക്കും ഈ ദിനങ്ങൾ. രൂപതയുടെ വളർച്ചയ്ക്കുള്ള കർമ്മപദ്ധതികൾ തയ്യാറാക്കുക എന്നതും, സ്വഭാവത്താലേ പ്രേഷിതയായ സഭ (AA-2) യുടെ ചെറിയ പതിപ്പ് എന്ന നിലയിൽ നമ്മുടെ പ്രേഷിതദൗത്യം കാര്യക്ഷമമായി നിർവഹിക്കുന്നതിന് നമ്മെത്തന്നെ ഒരുക്കുക എന്നതുമാണ് ഈ അസംബ്ലി ലക്ഷ്യം വയ്ക്കുന്നത്.

ക്രിസ്തുവിൽ വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹമാണ് സഭ. പുതിയ ദൈവജനവും ക്രിസ്തുവിന്റെ മൗതികശരീരവുമായ സഭയിൽ വൈദികരും സന്യസ്തരും അല്മായ വിശ്വാസികളുമുണ്ട്. "നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏകശരീരമാകാൻ ജ്ഞാനസ്നാനമേറ്റു" (1 കോറി. 12:13). ഒരേ ശരീരത്തിൽ വ്യത്യസ്ത ധർമ്മങ്ങൾ നിർവഹിക്കുന്നവരെങ്കിലും ഒരേ മഹത്വമുള്ളവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നവരും എന്ന നിലയിൽ മിശിഹായുടെ ശരീരം പടുത്തുയർത്തുന്നതിൽ വൈദികർക്കും സന്യസ്തർക്കും അല്മായ വിശ്വാസികൾക്കും തുല്യപങ്കാളിത്തമാണുള്ളത് (LG 32). മെത്രാന്മാരുടെ അജപാലനത്തിന് ഏല്പിക്കപ്പെട്ടിട്ടുള്ള രൂപതയിൽ രൂപതാദ്ധ്യക്ഷനോട് ചേർന്നു നിന്നുകൊണ്ട് തങ്ങളുടെ ജീവിതാവസ്ഥയ്ക്കനുസൃതമായി ക്രിസ്തീയ ജീവിതദൗത്യം നിർവഹിക്കുന്നതിന് ഓരോ ക്രൈസ്തവവിശ്വാസിക്കും കടമയുണ്ട്. ഈ കടമയുടെ നിർവഹണത്തിൽ എല്ലാ ക്രൈസ്തവവിശ്വാ



സികളും പാലിക്കേണ്ട ചില മാനദണ്ഡങ്ങൾ രൂപപ്പെടുത്തുക എന്നതും എപ്പാർക്കിയൽ അസംബ്ലിയുടെ ലക്ഷ്യമാണ്.

എപ്പാർക്കിയൽ അസംബ്ലിയെക്കുറിച്ച് പൗരസ്ത്യ കാനൻ നിയമം വ്യക്തമായ മാർഗനിർദ്ദേശങ്ങൾ നല്കുന്നുണ്ട് (CCEO.cc 235-242). രൂപതാ മെത്രാന്റെ നേതൃത്വത്തിലാണ് ഈ അസംബ്ലി കൂടുന്നത്. രൂപതയുടെ അജപാലനത്തിൽ രൂപതാദ്ധ്യക്ഷനെ സഹായിക്കുക എന്നതാണ് ഈ സമ്മേളനത്തിന്റെ ലക്ഷ്യം. രൂപതയുടെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയ്ക്ക് ഉതകുന്ന കർമ്മപദ്ധതികൾ തയ്യാറാക്കുക എന്നത് ഏതൊരു രൂപതയെ സംബന്ധിച്ചും പ്രധാനപ്പെട്ട കാര്യമാണ്.

അസംബ്ലിയുടെ ഒരുക്കങ്ങളെല്ലാം രൂപതയുടെ മദ്ധ്യസ്ഥയായ പ. കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥ്യത്തിന് ഭരമേല്പിച്ചുകൊണ്ട് 2014 ആഗസ്റ്റ് മാസം 15-ാം തീയതി മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ദിവസം മുതൽ രൂപതാകുടുംബം മുഴുവൻ പ്രാർത്ഥിച്ചൊരുങ്ങുകയായിരുന്നു. രൂപതാസമ്മേളനത്തിനൊരുക്കമായുള്ള പ്രാർത്ഥന എല്ലാ ഇടവകകളിലും ഭവനങ്ങളിലും എത്തിക്കുകയും ദൈവാലയങ്ങളിൽ വി. കുർബാനയ്ക്കുശേഷവും ഭവനങ്ങളിൽ കുടുംബപ്രാർത്ഥനയ്ക്കുശേഷവും ഇത് ചൊല്ലണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. അതുകൂടാതെ, 2015 ഫെബ്രുവരി 15 ഞായറാഴ്ച മുതൽ മെയ് 31 പരിശുദ്ധത്രിത്വത്തിന്റെ തിരുനാൾ വരെയുള്ള 100 ദിവസങ്ങളിലായി എല്ലാ ഇടവകകളിലും ഓരോ ദിവസം പ്രാർത്ഥനാദിനമായി ആചരിക്കുകയും, ഒരു മണിക്കൂർ പൊതു ആരാധന നടത്തുകയും ചെയ്തു. എപ്പാർക്കിയൽ അസംബ്ലി നടക്കുന്നതിന് തൊട്ടുമുമ്പുള്ള ആഴ്ച, സാധിക്കുമെങ്കിൽ ജൂലൈ 17 വെള്ളിയാഴ്ച, എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തി എപ്പാർക്കിയൽ അസംബ്ലിയുടെ വിജയത്തിനായി പ്രാർത്ഥിക്കണമെന്ന് ഏവരോടും അഭ്യർത്ഥിക്കുകയാണ്. അന്നേദിവസം ഉപവസിച്ച് പ്രാർത്ഥിക്കുന്നതും നന്നായിരിക്കും. അസംബ്ലി നടക്കുന്ന ദിവസങ്ങളിൽ എല്ലാവരും, പ്രത്യേകിച്ച് രൂപതയിലെ കുടുംബകൂട്ടായ്മകളും പ്രാർത്ഥനാഗ്രൂപ്പുകളും പ്രത്യേക നിയോഗം വച്ച് പ്രാർത്ഥിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

എപ്പാർക്കിയൽ അസംബ്ലി ഫലപ്രദമാകുന്നതിനും അതിൽ ചർച്ച ചെയ്യേണ്ട കാര്യങ്ങൾ രൂപതയിലെ മുഴുവൻ ദൈവജനത്തിന്റെയും പങ്കാളിത്തത്തോടുകൂടി തീരുമാനിക്കുന്നതിനും വേണ്ടി ഒരു സർവേ നടത്തുന്നതിന് സർവേ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. കമ്മിറ്റി ചർച്ച ചെയ്തും, ബഹു. വൈദികരുടെയും സിസ്റ്റേഴ്സിന്റെ

യും, അല്മായ വിശ്വാസികളുടെയും മീറ്റിംഗുകൾ വിളിച്ചുകൂട്ടി അവരുടെ അഭിപ്രായങ്ങൾ പരിഗണിച്ചും രൂപപ്പെടുത്തിയ ചോദ്യാവലി ഉപയോഗിച്ചാണ് സർവേ നടത്തിയത്. ശാസ്ത്രീയ സർവേയുടെ രീതിയനുസരിച്ച് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട അല്മായ വിശ്വാസികളും, ബഹു. വൈദികരും, തിയോളജി പഠിക്കുന്ന സെമിനാരി വിദ്യാർത്ഥികളും, ബഹു. സിസ്റ്റേഴ്സിന്റെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും സർവേയിൽ പങ്കെടുത്തു. സർവേയുടെ നടത്തിപ്പിന് സഹായിച്ച ബഹു. അച്ചന്മാരെയും, സിസ്റ്റേഴ്സിനെയും, ഫാമിലി അപ്പോസ്റ്റലേറ്റിലെ അംഗങ്ങളെയും ഭാരവാഹികളെയും, വിശ്വാസപരിശീലകരെയും മറ്റുള്ളവരെയും പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. യഥാക്രമം ജൂൺ മാസം 25, 26, 27 തീയതികളിലായി മൂവാറ്റുപുഴ നെസ്റ്റിൽ കൂടിയ അല്മായ വിശ്വാസികളുടെയും, വൈദികരുടെയും, സിസ്റ്റേഴ്സിന്റെയും സമ്മേളനങ്ങളിൽ സർവേയുടെ ഫലം പ്രസിദ്ധപ്പെടുത്തുകയും എപ്പാർക്കിയൽ അസംബ്ലിയിൽ പ്രത്യേക വിചിന്തനത്തിന് വിഷയമാക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുകയും ചെയ്തു.

ജൂലൈ മാസം 19-ാം തീയതി ഞായറാഴ്ച വൈകിട്ട് ആരംഭിച്ച് 23-ാം തീയതി വ്യാഴാഴ്ച രാവിലെ വി. കുർബാനയോടുകൂടി അവസാനിക്കുന്ന വിധത്തിലാണ് എപ്പാർക്കിയൽ അസംബ്ലി ക്രമീകരിച്ചിരിക്കുന്നത്. സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് അസംബ്ലി ഉദ്ഘാടനം ചെയ്യും. ഉദ്യോഗജന്യമായും, തിരഞ്ഞെടുപ്പിലൂടെയും, നാമനിർദ്ദേശം വഴിയായും അംഗങ്ങളായി തീരുന്ന 157 പേരാണ് ഈ അസംബ്ലിയിൽ പങ്കെടുക്കുന്നത്. ഈ ഡിക്രിക്ക് അനുബന്ധമായി കൊടുത്തിരിക്കുന്ന ലിസ്റ്റ് ഇതിനാൽ അംഗീകരിക്കുകയും നിശ്ചയിച്ചുറപ്പിക്കുകയും ചെയ്യുന്നു. അംഗങ്ങൾ മൂവാറ്റുപുഴ നെസ്റ്റിൽ താമസിച്ച് ആദ്യന്തം അസംബ്ലിയിൽ പങ്കെടുക്കണം. രൂപതാ സമൂഹത്തിന്റെ പ്രതിനിധികളായി നിശ്ചയിക്കപ്പെട്ടവർ എന്ന നിലയിൽ വേണ്ടത്ര ഗൗരവത്തോടും പ്രാർത്ഥനാരൂപിയോടും കൂടി വേണം സമ്മേളനത്തിൽ പങ്കെടുക്കുവാൻ.

മാനുഷികജ്ഞാനത്തേക്കാൾ ദൈവിക ജ്ഞാനത്താൽ നയിക്കപ്പെടുന്ന അനുഭവമായി എപ്പാർക്കിയൽ അസംബ്ലി മാറട്ടെ എന്ന് പ്രാർത്ഥിക്കുന്നു. "ദൈവഹിതമനുസരിച്ച് ചിന്തിക്കാനും പ്രവർത്തിക്കാനും നമ്മെ ഉത്തേജിപ്പിക്കുന്ന പരിശുദ്ധാത്മാവ്" നിരന്തരം നമ്മെ വഴി നടത്തട്ടെ. പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങളോട് തുറവി ഉള്ളവരാകുവാനും കൂട്ടായ്മയുടെ അനുഭവം പങ്കുവച്ചുകൊണ്ട് സഭാഗാത്രത്തെ പടുത്തുയർത്തുന്നതിന് സഹകരിക്കുവാനും ഏവരെയും ഉദ്ബോധിപ്പിക്കുന്നു. ആത്മവിശുദ്ധീകരണത്തിലൂടെ മാത്രമേ സഭയെ



വിശുദ്ധീകരിക്കുവാൻ സാധിക്കൂ എന്ന സത്യം തിരിച്ചറിഞ്ഞ് ആത്മശോധന നടത്തിയും തെറ്റുകൾ തിരുത്തിയും പരസ്പരം പ്രോത്സാഹിപ്പിച്ചും നമുക്ക് മുന്നോട്ടുപോകാം. രൂപതയുടെ ശുശ്രൂഷാമേഖലകൾ കാലഘട്ടത്തിന് അനുയോജ്യമായ രീതിയിൽ സുവിശേഷമൂല്യങ്ങൾക്ക് സാക്ഷ്യം വഹിക്കുന്ന വേദികളാക്കി മാറ്റുവാൻ നമുക്ക് കൂട്ടായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

2015 ഡിസംബർ 18 മുതൽ 2016 നവംബർ 20 വരെ ദൈവകാരുണ്യത്തിന്റെ ജൂബിലി വർഷമായി ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. ദൈവകരുണയുടെ മുഖമായ ഈശോയെ ലോകത്തിന് നൽകുകയെന്ന ദൗത്യം നിർവഹിക്കുന്നതിന് നമ്മെത്തന്നെ ഒരുക്കുവാൻ ഈ എപ്പാർക്കിയൽ അസംബ്ലി സഹായകമാകട്ടെയെന്നും ദൈവകരുണ അനുഭവിച്ചറിയുന്ന നിമിഷങ്ങളായി ഇത് മാറട്ടെയെന്നും പ്രാർത്ഥിക്കുന്നു.

നമ്മുടെ ഉദ്യമങ്ങളെയെല്ലാം പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിന് സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെയോരുത്തരെയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനമന്ദിരത്തിൽ നിന്ന്

**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**

കോതമംഗലം മെത്രാൻ

---

**N.B.** 2015 ജൂലൈ 12-ാം തീയതി നമ്മുടെ എല്ലാ ദൈവാലയങ്ങളിലും, അന്നേ ദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുകയോ ചെയ്യേണ്ടതാണ്.

## EPARICHIAL ASSEMBLY
## KOTHAMANGALAM 2015 JULY 19 - 23
## PARTICIPANTS

**I BISHOPS**

1. Mar George Madathikandathil
2. Mar George Punnakottil

**II EPARCHIAL CURIA**

3. Rev. Mgr. George Oliapuram
4. Rev. Mgr. George Kariamadam
5. Rev. Fr. John Mundackal
6. Rev. Fr. George Thekkekara

**III EPARCHIAL TRIBUNAL**

7. Rev. Fr. Mathew Valiamattam

**IV EPARCHIAL CONSULTERS**

8. Rev. Fr. Francis Alappatt
9. Rev. Fr. Mathews Malieckal
10. Rev. Fr. Kuriakose Kodakallil

11. Rev. Fr. George Thanathuparambil
12. Rev. Fr. Paul Parathazham
13. Rev. Fr. Thomas Kuzhinjalil

**V PROTOPRESBYTERS**

14. Rev. Fr. Francis Keerampara
15. Rev. Fr. Mathew Konickal
16. Rev. Fr. James Vararappillil
17. Rev. Fr. Joseph Adapoor
18. Rev. Fr. Paul Nedumpurath
19. Rev. Fr. Jacob Puthiedath
20. Rev. Fr. George Vadakkel
21. Rev. Fr. Jose Pullopillil

**VI PRESBYTERAL COUNCIL MEMBERS**

22. Rev. Fr. Stanislaus Kunnel
23. Rev. Fr. Stanly Pulprayil
24. Rev. Fr. Jose Arackal
25. Rev. Fr. Mathew Athickal
26. Rev. Fr. Augustine Vattakatt
27. Rev. Fr. Joseph Kandathil
28. Rev. Fr. George Pottackal
29. Rev. Fr. Joseph Koickakudy
30. Rev. Fr. Joseph Kandathinkara
31. Rev. Fr. George Kanjirakombil
32. Rev. Fr. Joseph Cherian Koickakudy
33. Rev. Fr. Thomas Vattathottathil
34. Rev. Fr. Mathew Kunnappillil
35. Rev. Fr. Joseph Kuzhikanniyil
36. Rev. Fr. Michael Parusseril OFM.Cap.
37. Rev. Fr. Thomas Malekudy
38. Rev. Fr. Austin Kalapurackal CMI
39. Rev. Fr. Joseph Neerampuzha

**VII DIRECTORS**

40. Rev. Fr. George Karakunnel
41. Rev. Fr. Geo Thadikkatt
42. Rev. Fr. Jacob Thalappillil
43. Rev. Fr. Paul Karakombil
44. Rev. Fr. Manuel Pichalakatt
45. Rev.Fr. Sebastian Kanimattathil
46. Rev. Fr. Joseph Kallarackal
47. Rev. Fr. Somy Panamkatt OFM Cap.
48. Rev. Fr. Joseph Ezhumayil
49. Rev. Fr. Mathew Thozhalay
50. Rev. Fr. George Chettoor
51. Rev. Fr. Jacob Rathappillil

**VII ELECTED REPRESENTATIVES FROM PROTOPRESBYTERATES**

52. Rev. Fr. Mathew Chamakalayil
53. Rev. Fr. George Kurisummoottil
54. Rev. Fr. George Vallomkunnel
55. Rev. Fr. John Elanjedath
56. Rev. Fr. Emmanuel Ariappillil
57. Rev. Fr. George Pullan
58. Rev. Fr. Sotter Peringarappillil
59. Rev. Fr. Francis Karikunnel
60. Rev. Fr. Mathew Thekkumkattil
61. Rev. Fr. James Kakkuzhy
62. Rev. Fr. Joseph Kochuparambil (Sr.)
63. Rev. Fr. Mathews Nandalath

**IX RELIGIOUS REPRESENTATIVES**

64. Rev. Fr. John Thalachira CMI
65. Rev. Fr. Jose Chettoor VC
66. Rev. Fr. Johnson Mundiath CST
67. Rev. Fr. Thomas Kunnappillil O.Carm.
68. Rev. Fr. Augustine Valummel OCD
69. Rev. Fr. Joseph Valliamthadathil CMF
70. Rev. Fr. John Sankarathil, OSFS
71. Rev. Fr. Anto Kurinjikkattu MSJ
72. Rev. Bro. Philip CST
73. Mother General MSJ
74. Provincial Superior CMC
75. Provincial Superior FCC
76. Provincial Superior SH
77. Provincial Superior SABS
78. Provincial Superior SD
79. Provincial Superior CSN
80. Provincial Superior MSJ
81. Provincial Superior CHF
82. Provincial Superior SMS
83. Rev. Sr. Jose Mary DM
84. Rev. Sr. Josline ASMI
85. Rev. Sr. Selin SMC
86. Rev. Sr. Magi LSDP
87. Rev. Sr. Sobel CSM
88. Rev. Sr. Tessy Augustine ASI



**X PRESIDENTS OF PIOUS ASSOCIATIONS**

89. Sri. Babu M.S. Malikkudiyil
90. Sri. Arun Jose Puthenpurackal
91. Sri. Gijo Manuel Kallumkal
92. Smt. Marykutty Sebastian
93. Smt. Rose Pulparambil
94. Sri. Iypachan Thadikkattu
95. Adv. Babu Joseph Kumblankal
96. Sri. Febin Francis, Kattackal
97. Adv. Thomas Mathew Chempakathinal
98. Sri. James Korambel
99. Sri. George Kelakom
100. Sri. M.C. Chacko, Myalil
101. Sri. Sojan Kuzhikattumalil
102. Sri. Anto Thomas, Vallookaran
103. Sri. Mathachan Chemplankal
104. Sri. Jose Edappatt

**XI ELECTED BY THE PASTORAL COUNCIL**

105. Adv. Johny Nelloor
106. Adv. Biju Parayannilam
107. Sri. Francis George
108. Sri. Rajesh Pittapillil
109. Prof. Jose Vadakkekudy
110. Sri. Joseph Moolasseril
111. Adv. Abraham Joseph, Thottupuram
112. Sri. Mathew Vattakatt
113. Sri. N. G. Lukachan Nambiaparambil
114. Sri. Sabu Jose Pothoor
115. Smt. Anie Jose, Elayidam
116. Smt. Rosamma George
117. Smt. Lissy Jolly, Thennana
118. Smt. Marykutty Augustine

**XII COMMITTEE MEMBERS & CONVENERS**

119. Rev. Sr. Navya Maria CMC
120. Rev. Sr. Rani FCC
121. Rev. Sr. Therese SABS
122. Smt. Mercy Shaji, Kumminyil
123. Adv. Raiju Varghese, Pandimattam
124. Sri. K.C. George Kallathu

**XIII NOMINATED MEMBERS**

125. Rev. Fr. Pius Malekandathil
126. Rev. Fr. Cherian Varikkatt
127. Rev. Fr. Thomas Cheruparambil
128. Rev. Fr. Vincent Nedungatt
129. Rev. Fr. Emmanuel Vattakuzhy
130. Rev. Fr. Francis Kannadan
131. Rev. Fr. Francis Pittappillil
132. Rev. Fr. Paulose Nedumthadathil
133. Rev. Sr. Josefa MSJ
134. Rev. Sr. Jovitta FCC
135. Rev. Sr. Mercy Kurian SH
136. Rev. Sr. Jees Maria SH
137. Rev. Sr. Karunya CMC
138. Rev. Sr. Ruby SD
139. Smt. Jessy Siby Kuzhikanniyil
140. Smt. Delcy Luckachan, Nambiaparambil
141. Smt. Pauline P.V. Thattarkunnel
142. Ms. Neena Thomas Kattamkottil
143. Sri. Gigi George Vazhayil
144. Sri. Jolly Joseph Palamkunnel
145. Sri. Jose Kappen
146. Sri. Iype John Kallumkal
147. Sri. Jenny K. Alex Kunnel
148. Sri. Deepu Valiamattam
149. Sri. Amal Mathew Kallumkal
150. Sri. Abhe Mathew Kanjiramparayil
151. Sri. Jerins K. Joy Kunnamkuzhackal
152. Dr. Mathews Nampeli
153. Sri. Jolly Mathew, Arakunnel
154. Sri. Prince Kalappurayil
155. Smt. Lissy Jose, Aranjaniyil
156. Kumari Divya Francis Mannappurath
157. Kumari Anjaly Thomas Chathankandathil

## SUBSTITUTES

**A. ELECTED PRIEST REPRESENTATIVES FROM THE PROTOPRESBYTERATES**

1. Rev. Fr. Paul Mailackachalil (Paingottoor)
2. Rev. Fr. John Anikottil (Mailacombu)

3. Rev. Fr. Jacob Vadakkumparambil (Marika)
4. Rev. Fr. Sebastian Arolichalil (Thodupuzha)
5. Rev. Fr. Joseph Koickakudy (Oonnukal)
6. Rev. Fr. Joseph Mundunadayil (Karimannoor)
7. Rev. Fr. Kuriakose Kachiramattam (Muvattupuzha)
8. Rev. Fr. Joseph Makolil (Muthalakodam)
9. Rev. Fr. John Kochumuttam (Arakuzha)
10. Rev. Fr. Jose Monippilly (Vazhakulam)
11. Rev. Fr. George Mundackal ( Kaliyar)
12. Rev. Fr. Nicholas Moolasseril (Kothamangalam)

**B. ELECTED BY THE PASTORAL COUNCIL**

13. Sri. George Mathew Ambattu
14. Sri Prajeesh C. Mathew Chimminikkattu
15. Sri Jose Mathew Kottuppillil
16. Smt. Molly Thomas Kakkanattu

---

## രൂപതക്കച്ചേരി

*C. 65 /2015* **സഭാദിന പിരിവ്**

സീറോ മലബാർ സഭയുടെ കേന്ദ്രകാര്യാലയത്തിന്റെ ആവശ്യങ്ങൾക്കായി സഭാംഗങ്ങൾ വർഷംതോറും നൽകിവരുന്ന സഭാദിനപിരിവ് ആളോഹരി 2 രൂപ പ്രകാരം രൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

*Bishop*

*C. 66 /2015* **റവ. ഡോ. ജോർജ് താനത്തുപറമ്പിൽ ഹയർ എഡ്യൂക്കേഷൻ സെക്രട്ടറി**

വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളജ് ഡയറക്ടർ പെ. ബഹു. ജോർജ് താനത്തുപറമ്പിൽ അച്ചനെ രൂപതയുടെ ഉന്നതവിദ്യാഭ്യാസ വിഭാഗത്തിന്റെയും നിർമ്മല, ന്യൂമാൻ കോളേജുകളുടെ മാനേജിംഗ് ബോർഡിന്റെയും സെക്രട്ടറിയായി നിയമിച്ചു. നിർമ്മല, ന്യൂമാൻ കോളേജുകളുടെയും ഉന്നതവിദ്യാഭ്യാസമേഖലയിലുള്ള മറ്റ് സ്വാശ്രയസ്ഥാപനങ്ങളുടെയും ഭരണത്തിലും നടത്തിപ്പിലും ബഹു. മാനേജരെ സഹായിക്കുന്നതിനുവേണ്ടിയാണ് അച്ചനെ നിയമിച്ചിരിക്കുന്നത്.

*Bishop*

*C. 67 /2015* **സീറോമലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി 2016**

സീറോമലബാർ സഭയുടെ നാലാമത് മേജർ ആർക്കി എപ്പി



സ്കോപ്പൽ അസംബ്ലി 2016 ആഗസ്റ്റ് മാസത്തിൽ നടത്തുന്നു. 1998-ലും 2004-ലും 2010-ലുമാണ് ഇതിനുമുമ്പ് അസംബ്ലികൾ നടന്നിട്ടുള്ളത്. ക്രിസ്തുവിന്റെ മൗതികശരീരമായ തിരുസഭയിൽ താന്താങ്ങളുടെ പ്രത്യേകമായ വിളിക്ക് അനുസൃതമായ രീതിയിൽ സുവിശേഷദൗത്യം നിർവഹിക്കുന്നതിന് ദൈവജനത്തെ ഒരുക്കുക എന്നതാണ് ഈ അസംബ്ലികൊണ്ട് ലക്ഷ്യംവയ്ക്കുന്നത്.

മുമ്പ് നടന്നിട്ടുള്ള അസംബ്ലികൾ ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ചുള്ള പഠനമായിരുന്നു നടത്തിയിരുന്നത്. അതിൽനിന്നും വ്യത്യസ്തമായി ഇന്നത്തെ സഭയെ സംബന്ധിച്ച് പ്രസക്തമായ വിവിധ വിഷയങ്ങൾ അസംബ്ലിയിൽ ചർച്ച ചെയ്യുവാനാണ് 2015 ജനുവരിയിൽ ചേർന്ന മെത്രാന്മാരുടെ സിനഡ് തീരുമാനിച്ചിട്ടുള്ളത്. രൂപതകളിൽ നിന്നും സന്യാസസഭകളിൽ നിന്നും സമൂഹങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ചശേഷം സിനഡ് അസംബ്ലിയുടെ അജണ്ട തയ്യാറാക്കുകയാണ് ചെയ്യുന്നത്. കുടുംബം, സമർപ്പിതജീവിതം, സുവിശേഷവല്ക്കരണം, ന്യൂനപക്ഷ അവകാശങ്ങൾ, മദ്യപാനാസാക്തി, സഭയുടെ ആരാധനക്രമത്തിലുള്ള ഐക്യരൂപ്യം തുടങ്ങിയവ പരിഗണിക്കാവുന്ന ചില വിഷയങ്ങളാണ്.

അസംബ്ലി സംബന്ധിച്ച നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും www.smassembly.org എന്ന വെബ്സൈറ്റിൽ ചേർക്കാവുന്നതാണ്. മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിലേക്ക് വിഷയങ്ങൾ നിർദ്ദേശിക്കുവാൻ ആഗ്രഹിക്കുന്നവർ പോസ്റ്റ് വഴിയോ E-mail ഉപയോഗിച്ചോ 2015 ജൂലൈ 31-ന് മുമ്പായി താഴെപറയുന്ന വിലാസത്തിൽ അവ അയച്ചുതരേണ്ടതാണ്.

അയയ്ക്കേണ്ട വിലാസം : The Eparchial Curia, Bishop's House
P.B. No. 6, 686 691, Kothamangalam

E-mail : bishophouseklm@gmail.com,
smassembly2016@gmail.com

*Bishop*

*C. 68/2015* **ദൈവവിളിദിനം**

സമർപ്പിതവർഷം പ്രമാണിച്ച് ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിന് എല്ലാ ഇടവകകളിലും ഓരോ ഞായറാഴ്ച ദൈവവിളിദിനമായി ആചരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ജൂൺ മാസത്തിലെ ദൈവരാജ്യത്തിൽ വന്ന അറിയിപ്പ് ശ്രദ്ധിച്ചു കാണുമല്ലോ. അന്നേദിവസം പ്രത്യേകക്ലാസ്സുകൾ ക്രമീകരിക്കുവാൻ ആഗ്രഹിക്കുന്ന ബഹു. വികാരിയച്ചന്മാർക്ക് സഹായകമായ റിസോഴ്സ് ടീമിന്റെ ഒരു ലിസ്റ്റ് താഴെ

ചേർക്കുന്നു. ദൈവവിളിദിനം ഫലപ്രദമായി നടത്തുവാൻ ബഹു. വികാരിയച്ചന്മാർ സഹകരിക്കുമല്ലോ.

**Names of Resource Persons for Vocation Classes**

**CMI**

Fr. Jibin Acharukudiyil CMI - 9544549770
Fr. Geo Kokandathil CMI - 7560957969

**CHF**

Sr. Sheen Maria CHF - 8547502471
Sr. Divya Joseph CHF - 8547502471

**CMC**

Sr. Navya Maria CMC - 9656868740
Sr. Seena Maria CMC - 9961749226
Sr. Juliet CMC - 9495928345

**CSN**

Sr. Jyothi Maria CSN - 9495928417
Sr. Sayujya CSN - 8943829312
Sr. Vimal Rose CSN - 9497681312

**FCC**

Sr. Rani FCC - 8606822870, 0485 2860718
Sr. Linus FCC - 9656021815
Sr. Regin Therese FCC - 8156923299

**MSJ**

Sr. Jesna MSJ - 9495771114
Sr. Femi Therese MSJ - 9496246359
Sr. Jeseena MSJ - 0485 2822368

**SABS**

Sr. Therese SABS - 9496753994
Sr. Alphy SABS - 9447519707
Sr. Betty SABS - 8281900185

**SD**

Sr. Jubeena SD - 9048412791
Sr. Jais Mary SD - 9497353648
Sr. Theresa SD - 9526871069

**SH**

Sr. Georgina SH - 9447266188
Sr. Nirmal SH - 8943898014
Sr. Tessin Orathinkal SH - 9946936966

**SMS**

Sr. Crispin SMS - 9496710473
Sr. Lilly Jose SMS - 9446288960
Sr. Maria Jose SMS - 9496710473

*Syncellus*

### *C. 69/2015* Young Priests' Seminar

Annual seminar for the young priests of the Eparchy ordained after 31-01-2009 will be conducted on August 11, 12, 2015 at NESTT Muvattupuzha. The seminar begins at 9.30 am on Tuesday and comes to an end by 4.30 pm on Wednesday. All are expected to participate without fail.

*Syncellus*

### *C. 70 /2015* Monthly Recollection for Priests
### *Topic for discussion in July*

Read in common Nos. 430 - 440 of the Catechism of the Catholic Church.

*Syncellus*



### *C. 71/2015* Annual Retreat for Priests

The list of the participants in each batch is given below. Please do not make changes from one batch to the other unless for some serious reasons. In case of change, please do it with mutual arrangement with one in the other batch and inform the Eparchial Curia in due time. Those who seek exemption from the common retreat owing to some grave reason are to get it in writing from the Curia.

The Rev. Fathers are to fulfil the following Mass intentions and report to the Curia before the 31st of December 2015.

1 For the Priests of the Eparchy-1

2 *Ad intentionem episcopi* (stipend to be used for charitable purposes) -4

3 *Ad intentionem episcopi* (stipend to be used to meet the expenses of the retreat)-5

N.B. The Mass intentions Nos. 1 and 2 are to be fulfilled by all while those in No. 3 only by those who take part in the common retreat.

The presbyters who participate in the retreat are to bring with them their Mass Account, and Confession Patent.

All the faithful in the Eparchy have the duty to pray for the presbyters who participate in the retreat. The parish priests may remind the faithful that the Eparchial Curia is closed during the common retreat.

**FIRST BATCH**

Venue: NESTT, Muvattupuzha

**Time: From Sunday, 13 September to Friday, 18 September**

Retreat Preacher : Rev. Fr. Jose Mulangattil MCBS

1. Adapoor Joseph
2. Aikaramattam James
3. Arackal James
4. Arackal Joseph
5. Areekatt Mathew
6. Arolichalil Sebastian
7. Athickal Francis
8. Athickal Mathew
9. Chamakalayil Mathew
10. Chatholil John
11. Chemparathy George
12. Cherkottu Thomas
13. Chettoor George
14. Choorathotty James
15. Edathotty Paul
16. Elanjedath John
17. Ezhanikatt James
18. Ezhumayil Joseph
19. Kadambanat Sebastian
20. Kadukummakal George
21. Kakkuzhy James
22. Kalapurayil James

23. Kallarackal John
24. Kallumkal Sebastian
25. Kandathinkara Joseph
26. Kanjirakombil George
27. Kannadan Francis
28. Kannathukuzhy Joseph
29. Kapiarumala Thomas
30. Karakombil Paul
31. Karakunnel George
32. Kavumpuram Joseph
33. Kizhakedath Mathew
34. Kochumundanmalayil Mathew
35. Kochumuttam John
36. Kochuparambil George
37. Kochupurackal Mathew (Sr.)
38. Kodamullil Cyriac
39. Kodiammanal John
40. Koickakudy Joseph Cherian
41. Konickal Mathew
42. Koonanickal Joseph (Jr)
43. Kottackal Antony
44. Kottarathil Thomas
45. Kottoor Jose
46. Kunnamkott George
47. Kunnappillil Mathew
48. Kunnath Mathew
49. Kurianal Emmanuel
50. Kurisummoottil George
51. Kuttiyara John
52. Kuzhikanniyil Joseph
53. Mailadiath Jose
54. Malekandathil Pius
55. Maleparambil George
56. Malieckal Mathews
57. Mandapathil Varkey
58. Mannathukaran Jacob
59. Mattappillil John
60. Moorkattil Jose
61. Mulanjanany Joseph
62. Mundackal George
63. Mundackal Joseph (Sr.)
64. Mundackal Mathew (Jr.)
65. Mundackal Thomas
66. Mundolickal James
67. Muringamattam John
68. Namattathil Sebastian
69. Nandalath Francis
70. Nedumpurath Paul
71. Nedumthadathil Paulose
72. Nellikunnel Joseph
73. Niravath Joseph
74. Njaloor Cyriac
75. Oliapuram Mgr. George
76. Onelil John
77. Oroplackal Johnson
78. Padijarekutt Augustine
79. Pallikunnel Georgy
80. Panackal Thomas
81. Pannarakunnel Sebastian
82. Parankimyalil George
83. Parayil Joseph
84. Pazhayapeedikayil Johnson
85. Peechatt Emmanuel
86. Peringarapillil Sotter
87. Perumpanani Abraham
88. Pichappillil John
89. Pinakattu Joseph
90. Pittappillil Mathew
91. Ponneth Joseph
92. Poonat Manuel
93. Pothanamuzhi Mathew
94. Pottackal George
95. Pulickal Joseph (Jr)
96. Pulimalayil Antony
97. Pullan George
98. Pulloppillil Jose
99. Pulparambil Jose
100. Pulprayil Stanley
101. Puthenkulam Antony
102. Rathappillil Jacob
103. Thadikkatt George
104. Thayyil James
105. Thekkeattath George
106. Thekkekara George



107. Thekkekara Mathew (Jr.)
108. Thevarpadam Mathews
109. Thottathimyalil John
110. Thudianplackal Zacharias
111. Vadakel George
112. Vadakkumpadam Mathew
113. Valiamattam Mathew
114. Valloppillil Sebastian
115. Varicatt Cherian
116. Vattakuzhy Emmanuel
117. Vattappallil Jacob
118. Vellankal Mgr. Mathew
119. Velliamthadam Joseph
120. Vettikuzha Thomas

**SECOND BATCH**

Venue: NESTT, Muvattupuzha

**Time: From Sunday, 20 Sept. to Friday, 25 Sept.**

Retreat Preacher : Rev. Fr. Jose Mulangattil MCBS

1. Alappatt Francis
2. Anikottil John
3. Arackal Jose
4. Ariappillil Emmanuel
5. Athickal Joseph
6. Athickal Pius
7. Avarapatt Paul
8. Chandrankunnel Mathew
9. Cheripuram Abraham
10. Cheruparambil Thomas
11. Choorathotty Paul
12. Edattu Mathews
13. Ezhanikatt Mathew
14. Inchaplackal Paul
15. Kachiramattam Kuriakose
16. Kadavan John
17. Kadukamakal Joseph
18. Kakanatt Mathew
19. Kalapurackal Jacob
20. Kalapurackal Jose
21. Kalariparambil Thomas
22. Kallarackal Joseph
23. Kallarackal Thomas
24. Kandathil Joseph
25. Kanimattathil Sebastian
26. Kanjirakombil Mgr.Cherian
27. Kannamkulam Thomas
28. Kapiarumala George
29. Karakombil James
30. Kariamadam Mgr. George
31. Karikunnel Francis
32. Keerampara Francis
33. Keethappilly Joseph
34. Kizhakedath Peter
35. Kizhakel Jose
36. Kochuparambil Joseph (Sr.)
37. Kochuparambil Joseph (Jr.)
38. Kochupurackal Mathew (Jr.)
39. Kodakallil Kuriakose
40. Kodamullil Jose
41. Kodamullil Paul
42. Koickakudy Joseph
43. Koithanath Joseph
44. Koonanickal Jose
45. Koottumkal Joseph
46. Kulathoor Jose
47. Kunnamkulathil Emmanuel
48. Kunnappilly Augustine
49. Kunnel Stanislaus
50. Kurianal James
51. Kurukoor George
52. Kuzhinjalil Thomas
53. Madathiparambil Francis
54. Mailackachalil Paul
55. Makolil Joseph
56. Malekudy Thomas
57. Maliyeckal Antony
58. Marappillil George

59. Monippilly Jose
60. Moolasseril Nicholas
61. Mulanjanany George
62. Mundackal John
63. Mundackal Joseph (Jr.)
64. Mundackal Mathew (Sr.)
65. Mundackal Mathew M.
66. Mundunadayil Joseph
67. Muttathuvalayil Joseph
68. Nampiaparambil Francis
69. Nampiaparambil Joseph
70. Nandalath Mathews
71. Nedumkallel George
72. Nedumpuram Joseph
73. Nedungatt Vincent
74. Neerampuzha Jose
75. Nirappath George
76. Niravathinal Abraham
77. Njaloor Joseph
78. Njaralakatt Luke
79. Oliapuram George (Sr.)
80. Ovelil Antony
81. Padinjattuvayalil John
82. Palamattam Mgr. Mathew
83. Panachickal James
84. Parathazham Paul
85. Parayannilam Joseph
86. Parayidom Thomas
87. Peechatt Jose
88. Periapuram Thomas
89. Pichalakatt Manual
90. Pittappillil Francis
91. Pittappilly Thomas
92. Poonat Mathew
93. Poovathumkal Thomas
94. Pothanamuzhi Thomas
95. Pothoor Jose
96. Pulickal Joseph (Sr)
97. Pulpra George
98. Punnamattathil Scaria
99. Puthiyedath Jacob
100. Thachil George
101. Thalappillil Jacob
102. Thanathuparambil George
103. Thekkekara Mathew (Sr.)
104. Thekkumkattil Mathew
105. Thottathimyalil Mathew
106. Thozhalay Mathew
107. Thuruthipillil Sebastian
108. Vadakekudy James
109. Vadakel James
110. Vadakumparampil Jacob
111. Valiyathazhath Sebastian
112. Vallomkunnel George
113. Vandanakkara George
114. Vararappillil James
115. Vattakatt Augustine
116. Vattakuzhy Jose
117. Vattathottathil Thomas
118. Vellaramkattil Xavier
119. Vembilly James
120. Vengooran Jose
121. Vilangupara Paul

*Syncellus*

## *C. 72 /2015* ദൈവദാസൻ മോൺ. ജോസഫ് പഞ്ഞിക്കാരനച്ചന്റെ നാമകരണം: രൂപതാതല അന്വേഷണം പൂർത്തിയായി

ദൈവദാസൻ മോൺ. ജോസഫ് പഞ്ഞിക്കാരന്റെ നാമകരണ നടപടികളുടെ രൂപതാതല അന്വേഷണ പ്രക്രിയ പൂർത്തിയായി. 2015



ജൂൺ 23-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് കോതമംഗലം സെന്റ് ജോർജ് കത്തീഡ്രലിൽ അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കൃതജ്ഞതാബലിയോടെ ചടങ്ങുകൾ ആരംഭിച്ചു. തുടർന്ന് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ പ്രത്യേക പ്രാർത്ഥന നടന്നു. നാമകരണ നടപടികളുമായി ബന്ധപ്പെട്ട വിവിധ രേഖകളുടെ ആധികാരികത പ്രഖ്യാപിച്ച് എപ്പിസ്ക്കോപ്പൽ ഡെലഗേറ്റ് റവ. ഡോ. സ്റ്റാൻലി പുൽപ്രയിൽ അവ രൂപതാദ്ധ്യക്ഷന് കൈമാറി. ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, റവ. ഡോ. സ്റ്റാൻലി പുൽപ്രയിൽ, പ്രമോട്ടർ ഓഫ് ജസ്റ്റീസ് റവ. ഡോ. ഫ്രാൻസിസ് കാരികുന്നേൽ, നോട്ടറി റവ. സി. ജീസ് മരിയ കുറ്റിയറ SH, അഡ്ജംക്ട് നോട്ടറി റവ. സി. തെരേസ നടുപ്പടവിൽ SABS, കോപ്പിയിസ്റ്റ് റവ. സി. സംഗീത വെട്ടിക്കാട് MSJ, പോസ്റ്റുലേറ്റർ റവ. സി. റൂത്ത് ചെങ്ങനേഴത്ത് MSJ എന്നിവർ തങ്ങളുടെ ദൗത്യം വിശ്വസ്തതയോടെ നിറവേറ്റിയെന്ന് വിശുദ്ധഗ്രന്ഥം സാക്ഷിയാക്കി സത്യപ്രതിജ്ഞ ചെയ്തു. വത്തിക്കാനിൽ വിശുദ്ധരുടെ നാമകരണത്തിനുള്ള തിരുസംഘത്തിന് രൂപതാതല അന്വേഷണത്തിന്റെ രേഖകൾ അയച്ചുകൊടുക്കാൻ നിയോഗിക്കപ്പെട്ട റവ. സി. എഡ്ന MSJ സത്യപ്രതിജ്ഞ ചെയ്ത് അവ ഏറ്റുവാങ്ങി. രൂപതാ ചാൻസിലർ ഫാ. ജോർജ് തെക്കേക്കര രൂപതയുടെ രഹസ്യ ആർക്കൈവിൽ വയ്ക്കാനുള്ള രേഖകളുടെ പകർപ്പ് ഏറ്റുവാങ്ങി. റവ. ഡോ. ജോർജ് നെടുങ്ങാട്ട് നാമകരണത്തിന്റെ തുടർനടപടികളെക്കുറിച്ച് വിശദീകരണം നൽകി. MSJ സന്യാസിനീ സഭയുടെ സുപ്പീരിയർ ജനറൽ റവ. സി. ജ്യോതിസ് MSJ കൃതജ്ഞതയർപ്പിച്ചു. സമാപന പ്രാർത്ഥനയോടെ അവസാനിച്ചു.

*Chancellor*

## *C. 73 /2015* രൂപതാഡയറക്ടറി

2015-2016 വർഷത്തെ രൂപതാഡയറക്ടറി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിൽ വരുത്തേണ്ട തിരുത്തലുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ഉടൻതന്നെ രൂപതക്കച്ചേരിയിൽ അറിയിക്കണമെന്ന് താത്പര്യപ്പെടുന്നു.

അയയ്ക്കേണ്ട വിലാസം : The Eparchial Curia, Bishop's House
P.B. No. 6, 686 691, Kothamangalam

E-mail : bishophouseklm@gmail.com

*Chancellor*

## *Pr C.4/2015* Report of the Presbyteral Council held on Tuesday, June 16, 2015

An extra ordinary meeting of the Presbyteral Council was held on Tuesday, June 16, 2015 at the Bishop's House. Bishop Mar George Madathikandathil presided over the meeting. Thirty two members participated. The meeting started with a prayer at 10.00 am. Mgr. George Oliapuram, the Protosyncellus, welcomed the participants. The report of the previous meeting was read out and was passed. In the introductory talk the President welcomed the new members, V. Rev. Frs. John Mundackal, Mathew Konickal, James Vararappillil, George Vadakkel, Jose Pulloppillil and Joseph Neerampuzha. There was a mention about the nomination of V. Rev. Fr. Stanislaus Kunnel, who lost the ex-officio membership due to transfer from protopresbyterate.

The first topic of the agenda was the Eparchial Assembly. The president summed up the preparations already made and reminded the members that all were participants of the Eparchial Assembly. The suggestion to conduct one hour adoration for the success of the Eparchial Assembly, preferably on Friday before the commencement of the Assembly, was acceptable to all.

The next topic of the agenda was the visit of parishes by Forane Vicars. The president's suggestion to revive the practice of visiting parishes, except those whose parish priests are Eparchial Consulters, by the Forane Vicars was accepted whole-heartedly by all members. The Syncellus will visit the Forane parishes and those parishes whose parish priests are Eparchial Consulters. Regarding the modality, it was clarified that a questionnaire would be prepared, so that the one who makes the visit might fill it up and send to the curia. The proposal of appointing internal auditors who would accompany the Forane Vicars to make the assessment of the parish accounts was also accepted by all.

Following this, a discussion regarding the parish documents was made. The president encouraged all members to take necessary measures to keep the parish documents intact and to ensure the safekeeping of all documents in the parishes of each Forane during their visit. The president further reminded the members of the need of keeping one copy of the said documents in the Eparchial Finance Office.

Another topic of the agenda was the computerization of parish accounts and *thraimasa* report regarding accounts. All members agreed that a software program that would facilitate the preparation of accounts



was needed and that after installing such a software the presentation of *thraimasa report* of the financial situation of the parishes to the Eparchial Finance Office would not be an ordeal.

Another topic for discussion was the renewal of the basic pay of the sacristans. A committee comprising V. Rev. Frs. John Mundackal, Francis Alappatt and Francis Keerampara was appointed to study the matter in detail.

Following this, the president explained the present stage of the canonization process of the Servant of God Mgr. Joseph C. Panjikkaran. All members were cordially invited to take part in the concluding ceremony of the Diocesan Process of Canonization, which was to be conducted on 23 June 2015.

Finally, the president called the attention of all members on to the Seminary Fund already collected and expressed sincere gratitude for the whole-hearted support and cooperation of all parish priests and encouraged those who have not yet paid the contribution to disburse their dues.

The president thanked all members for their attendance and active participation and the meeting came to an end by 1.00 pm.

*Secretary*

# മൈനർ സെമിനാരി

## *MS 20 /2015* അദ്ധ്യയന വർഷാരംഭം

മൈനർ സെമിനാരിയിലെ അദ്ധ്യയനവർഷത്തിന്റെ ഉദ്ഘാടനം ജൂൺ 4-ാം തീയതി അഭിവന്ദ്യ പിതാവ് നിർവഹിച്ചു. തദവസരത്തിൽ റവ. ഫാ. ജോസഫ് മക്കോളിൽ, ബ്ര. അഗസ്റ്റിൻ നിരപ്പേൽ, ബ്ര. ജോസഫ് തെക്കേക്കൂറ്റ് എന്നിവർ ആശംസകൾ നേർന്നു. റെക്ടർ റവ. ഫാ. സ്റ്റാൻലി പുൽപ്രയിൽ ഏവർക്കും സ്വാഗതം ആശംസിക്കുകയും ബ്ര. ജയിംസ് പരയ്ക്കനാൽ കൃതജ്ഞതയർപ്പിക്കുകയും ചെയ്തു.

## *MS 21 /2015* മൈനർ സെമിനാരിയിലെ നവാഗതർ

1. അറയ്ക്കൽ സ്കറിയ (അജോ), ആരക്കുഴ
2. അത്തിക്കൽ ജോർജ് (ജോർജ്), കോതമംഗലം
3. ചരനാൽ ജോസഫ് (ജിതിൻ), തഴുവംകുന്ന്
4. ഈന്തുങ്കൽ ജോൺ (ഡെന്നീസ്), നെയ്യശ്ശേരി
5. എബ്രയിൽ ജോസഫ് (എബിൻ), ചീനിക്കുഴി
6. കളപ്പുരയിൽ ജോർജ് (അമൽ), നാകപ്പുഴ

7. കൂട്ടകല്ലുങ്കൽ ജോൺ (അലൻ), നെടിയകാട്
8. കോട്ടയ്ക്കൽ മാത്യു (മനു), തൊടുപുഴ
9. കുന്നപ്പിള്ളിൽ ജോസ് (ജോസ്), കരിമണ്ണൂർ
10. മണ്ണത്തൂക്കാരൻ വർഗീസ് (വർഗീസ്), മൂവാറ്റുപുഴ
11. മാറാട്ടിൽ പോൾസൺ (പോൾസൺ), നാകപ്പുഴ
12. മരുതാമലയിൽ ജോസഫ് (റോഷൻ), പൈങ്ങോട്ടൂർ
13. നാക്കുഴിക്കാട്ട് മാത്യു (ജിസ്), നെടിയശാല
14. പീച്ചാട്ട് ജോസഫ് (ആൽബർട്ട്), ഊന്നുകൽ
15. പ്ലാപ്പിള്ളിൽ ജോസഫ് (അഭിജിത്ത്), കാളിയാർ
16. പുന്നയ്ക്കേഴത്ത് പോൾ (ബോനി), പോത്താനിക്കാട്
17. പുത്തൻവാട്ടപ്പിള്ളിൽ മാത്യു (അമൽ), പൈങ്ങോട്ടൂർ
18. തേവർപാടം ജോൺസ് (ജോൺസ്), ബെത്‌ലേഹം

### *MS 22 /2015* സെമിനാരി പ്രവേശനത്തിന്റെ സുവർണ്ണ ജൂബിലി

2015 ജൂൺ 12-ാം തീയതി അത്യപൂർവമായ ജൂബിലിയാഘോഷത്തിന് സെമിനാരിക്കുടുംബം സാക്ഷ്യം വഹിച്ചു. 1965 ജൂൺ 12-ാം തീയതി സെമിനാരിയിൽ പ്രവേശനം നേടിയതിന്റെ പച്ചകെടാത്ത ഓർമ്മകളുമായി മോൺ. ജോർജ് കാര്യാമഠം, ഫാ. ജോൺ ആനിക്കോട്ടിൽ, ഫാ. ജോസഫ് മക്കോളിൽ, ഫാ. ജോർജ് കാരക്കുന്നേൽ, ഫാ. മാത്യു വടക്കുംപാടം, ഫാ. മാത്യു തറമുട്ടം എന്നിവർ മാതൃഭവനത്തിലെത്തിയപ്പോൾ പൗരോഹിത്യമെന്ന സ്വപ്നം നെഞ്ചിലേറ്റി പ്രാർത്ഥനാപൂർവം കാത്തിരിക്കുന്ന വൈദിക വിദ്യാർത്ഥികൾ അവരെ ഹർഷാരവത്തോടെ സ്വാഗതം ചെയ്തു. സ്നേഹവിരുന്നിനു ശേഷം ജൂബിലേറിയന്മാർ പങ്കുവച്ച വൈവിധ്യമാർന്ന പൗരോഹിത്യജീവിതാനുഭവങ്ങൾ ഏവർക്കും പ്രചോദനാത്മകമായിരുന്നു.

### *MS 23 /2015* സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ

| | | | |
|---|---|---|---|
| 1 | CML, Kavakad | ₹ | 15,000 |
| 2 | Elykutty Jose Nedungattu,Kavakad | ₹ | 1000 |
| 3 | Joy Palekkudiyil, Kavakadu | ₹ | 500 |
| 4 | Rev. Fr. Thomas Malekudiyil, Jubilee Memorial Seminary Fund | ₹ | 2,00,000 |
| 5 | Antony George Oliappuram, Cathedral | ₹ | 10,000 |
| 6 | Raju Palackal, Cathedral | ₹ | 60,000 |
| 7 | George Mathew Pulparambil, Arakuzha | ₹ | 30,000 |
| 8 | 1973 - Batch Priests of Kothamangalam | ₹ | 10,000 |
| 9 | MSJ Generalate | ₹ | 25,000 |

*Rector*



## വിജ്ഞാനഭവൻ

### *V. 61/2015* വിശ്വാസപരിശീലകരുടെ രൂപതാ കൺവെൻഷൻ

ഈ വർഷത്തെ വിശ്വാസപരിശീലകരുടെ രൂപതാ കൺവെൻഷൻ ജൂൺ മാസം 13-ാം തീയതി ശനിയാഴ്ച വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. 1250-ഓളം വിശ്വാസപരിശീലകർ പങ്കെടുത്തു. രാവിലെ നടന്ന സെമിനാറിൽ ശ്രീ. കെ.കെ. ജോസഫ്, അഡ്വ. റൈജു വർഗീസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. ഉച്ചകഴിഞ്ഞുള്ള സമ്മേളനം അഭിവന്ദ്യ പിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് കഴിഞ്ഞവർഷത്തെ മികച്ച സൺഡേ സ്കൂളുകൾക്കുള്ള ട്രോഫികളും സമ്മാനവും അഭിവന്ദ്യ പിതാവ് വിതരണം ചെയ്തു. രൂപതാ കൺവൻഷനിൽ വന്നു പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും അവരെ പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

### *V. 62/2015* രൂപതയിലെ മികച്ച സൺഡേ സ്കൂളുകൾ

2014-2015 പ്രവർത്തന വർഷത്തിൽ രൂപതയിലെ ഏറ്റവും മികച്ചതായി തിരഞ്ഞെടുക്കപ്പെട്ട സൺഡേസ്കൂളുകളുടെ (A, B, C വിഭാഗം) പേരുകൾ ചുവടെ ചേർക്കുന്നു.

**Group A**

**I** **സെന്റ് ജോർജ് കത്തീഡ്രൽ, കോതമംഗലം**
**സെന്റ് ജോസഫ്സ്, നെല്ലിമറ്റം**
**II** **സെന്റ് ജോർജ്സ്, കല്ലാനിക്കൽ**
**III** **സെന്റ് മേരീസ്, നാകപ്പുഴ**
**സെന്റ് സെബാസ്റ്റ്യൻ, ആനിക്കാട്**

**Group B**

**I** **സെന്റ് ജോസഫ്സ്, നെല്ലിക്കുഴി**
**II** **സെന്റ് തോമസ് മൂർ, ആലക്കോട്**
**III** **സെന്റ് ഫ്രാൻസീസ് സേവ്യേഴ്സ്, പോത്താനിക്കാട്**
**മാർ സ്ലീവാ, വണ്ണപ്പുറം**

**Group C**

**I** **സെന്റ് മേരീസ്, മാലിപ്പാറ**
**II** **സെന്റ് ജോർജ്, ഈസ്റ്റ് മാറാടി**
**III** **ക്രിസ്തുരാജ്, രാജഗിരി**

*V. 63/2015* **ഉപപാഠപുസ്തകം** (വിശുദ്ധരുടെ പുസ്തകം)

ഉപപാഠപുസ്തകം ജൂലൈ 10–ാം തീയതിയോടുകൂടി വിതരണം ആരംഭിക്കുമെന്നു പ്രതീക്ഷിക്കുന്നു. വിജ്ഞാനഭവൻ ഓഫീസിൽ വിളിച്ച് പുസ്തകം വന്നിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷം വരിക. ഓരോ ക്ലാസ്സുകളിലേക്കുമുള്ള വിശുദ്ധരുടെ പേരുകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| STD I | വി. ആഗ്നസ് |
| | വി. ഡോമിനിക് സാവിയോ |
| STD II | വി. മരിയ ഗൊരേത്തി |
| | വി. ഡോൺ ബോസ്കോ |
| STD III | വി. റീത്ത |
| | വി. ജോൺ മരിയ വിയാനി |
| STD IV | വി. എവുപ്രസ്യാ |
| | വി. ജോൺ പോൾ II |
| STD V | വി. കൊച്ചുത്രേസ്യ |
| | വി. ചാൾസ് ബോറോമിയ |
| STD VI | വാ. മദർ തെരേസ |
| | വി. ജോസഫ് വാസ് |
| STD VII | വാ. എലിസബത്ത് |
| | വി. ജോൺ ബർക്കുമാൻസ് |
| STD VIII | വി. അൽഫോൻസ |
| | വി. ചാവറ കുര്യാക്കോസ് ഏലിയാസ് |
| STD IX | വി. എഡിത്ത് സ്റ്റെയിൻ |
| | വാ. ദേവസഹായം പിള്ള |
| STD X | വി. അമ്മത്രേസ്യ |
| | വി. അഗസ്റ്റിൻ |
| STD XI | വി. കാതറൈൻ |
| | വി. തോമസ് അക്വീനാസ് |
| STD XII | വി. സ്റ്റീഫൻ |
| | വി. ജോൺ 23–ാമൻ മാർപാപ്പ |

*V. 64/2015* **ലോഗോസ് ക്വിസ് രജിസ്ട്രേഷൻ**

ലോഗോസ് ക്വിസ് പരീക്ഷ എഴുതുവാൻ ഓൺലൈൻ വഴി രജിസ്റ്റർ ചെയ്തവരുടെ പേരുകളുടെ ലിസ്റ്റും രജിസ്ട്രേഷൻ തുകയും വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി ജൂലൈ 31 ആണ്. അതിനുശേഷം ലഭിക്കുന്ന രജിസ്ട്രേഷൻ സ്വീകരിക്കുന്നതല്ല.



*V. 65/2015* **SSC, HCC - A, B Forms, പ്രൈവറ്റ് രജിസ്ട്രേഷൻ**

SSC, HCC - A, B Forms, പ്രൈവറ്റ് രജിസ്ട്രേഷന്റെ ഫോം എന്നിവ തരുന്നതിനുള്ള അവസാന തീയതി ജൂലൈ 31 ആണ്. പ്രൈവറ്റ് രജിസ്ട്രേ ഷൻകാരുടെ പേരുകൾ A, B Form –ൽ ചേർക്കേണ്ടതാണ്. റിമാർക്സ് കോളത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്. **ചോദ്യപേപ്പറിന്റെ എണ്ണത്തിന്റെ കൂടെ ഇവരുടെ എണ്ണം ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അക്കാര്യം പ്രത്യേകം അറിയിക്കണം.**

*V. 66/2015* **വിശ്വാസപരിശീലനത്തിന് കുട്ടികളുടെ സംഭാവന**

മുൻവർഷത്തേതുപോലെ ഈ വർഷവും കുട്ടികളിൽ നിന്നും സ്വീകരിക്കേണ്ടതായ സംഭാവന 10 രൂപയാണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു. ജൂലൈ 31–ാം തീയതിക്ക് മുമ്പ് ഈ തുക വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണമെന്ന കാര്യം സ്നേഹപൂർവം അറിയിക്കുന്നു. വിജ്ഞാനഭവന്റെ വിജയകരമായ പ്രവർത്തനത്തിന് ഇത് വലിയ സഹായമായിരിക്കും.

*V. 67/2015* **സൺഡേ സ്കൂൾ ബാഗ്**

പുതിയ സൺഡേ സ്കൂൾ ബാഗ് വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽ നിന്ന് ലഭ്യമാണ്. 65 രൂപയ്ക്ക് സൺഡേ സ്കൂളുകൾക്ക് നൽകുന്നതാണ്. 70 രൂപയ്ക്ക് കുട്ടികൾക്ക് കൊടുക്കാവുന്നതാണ്.

*V. 68/2014* **സൺഡേ സ്കൂൾ ഡയറിക്ക് സമ്മാനം**

സൺഡേ സ്കൂൾ കുട്ടികൾക്കായി തയ്യാറാക്കുന്ന ഡയറികളിൽ ഏറ്റവും നല്ല ഡയറികൾക്ക് സമ്മാനം നൽകുന്നതാണ്. ഡയറി ഇറക്കിയ എല്ലാ സൺഡേ സ്കൂളുകളും രണ്ട് കോപ്പി വീതം വിജ്ഞാനഭവൻ ഓഫീസിൽ ജൂലൈ 31–ന് മുമ്പ് എത്തിക്കേണ്ടതാണ്.

*V. 69/2014* **വിജ്ഞാനഭവൻ ബുക്ക്സ്റ്റാൾ**

കുർബാനപ്പുസ്തകം, പോക്കറ്റ് ബൈബിൾ, സൺഡേസ്കൂൾ ബാഗ്, കൊന്ത, വെന്തിങ്ങ, സി.ഡി., ഗ്ലോബ്, കാസ, ഗിഫ്റ്റ് ഐറ്റംസ്, പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്. Attendance book ₹ 10.

*Director*

## Corporate Educational Agency

*Edn. 25 /2015*

2015-16 ൽ രൂപതാ ഓഫീസിലേക്ക് അയച്ചുതരേണ്ട ഫോറങ്ങൾ യഥാസമയം വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്ത്

പൂരിപ്പിച്ച് അയച്ചുതരണമെന്ന് ഓർമ്മിപ്പിക്കുന്നു. Order form (Catechism/ Moral Science) ഇനിയും അയച്ചു തന്നിട്ടില്ലാത്തവർ എത്രയും വേഗം അയച്ചുതരേണ്ടതാണ്. Corporate-ന്റെ പുതിയ e-mail ID "kothamangalamcorporate@gmail.com" ആയിരിക്കും. ഓരോന്നിന്റെയും സമയപരിധി എല്ലാ പ്രധാന അദ്ധ്യാപകരുടെയും പ്രത്യേക ശ്രദ്ധയ്ക്കു വേണ്ടി അറിയിക്കുന്നു.

| | | |
|---|---|---|
| 1 | Staff Statement 01-06-2015 വച്ച് | 20.06.2015 |
| 2 | Proposal 6th working day strength | 20.06.2015 |
| 3 | Order form - Catechism/Moral Science | 20.06.2015 |
| 4 | M G Applications | 30.08.2015 |
| 5 | Fitness Applications | 15.01.2016 |
| 6 | Annual School Report | 15.01.2016 |
| 7 | Best School Award etc. | 31.01.2016 |

*Edn. 26 /2015* **പ്രൊബേഷൻ**

പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ള അദ്ധ്യാപകരും/അനദ്ധ്യാപകരും രൂപതാവിദ്യാഭ്യാസ ഓഫീസിൽ നിന്നും ലഭിക്കുന്ന ഫോറം മേലധികാരിയെക്കൊണ്ട് (മാനേജർ/പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ) പൂരിപ്പിച്ച് യഥാസമയം രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്. പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ വരേണ്ടത് മുൻകൂട്ടി അറിയിച്ചിട്ടായിരിക്കണം.

*Edn. 27/2015* **മികച്ച കുട്ടികൾക്ക് പുരസ്കാര വിതരണം**

2014-15 വർഷത്തിൽ രൂപതാതലത്തിൽ 4, 7, 10 ക്ലാസ്സുകളിലെ Catechism/Moral Science Competitive പരീക്ഷകളിൽ 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കിയ കുട്ടികൾക്ക് മൂവാറ്റുപുഴ നെസ്റ്റിൽ ജൂലൈ 4-ന് രാവിലെ 10 മണിക്ക് നടത്തപ്പെടുന്ന യോഗത്തിൽ വച്ച് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് പുരസ്കാരവിതരണം നിർവഹിക്കുന്നതാണ്.

രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എയ്ഡഡ് സ്കൂളുകളിൽ 2014- 15 വർഷം SSLC, Plus Two പരീക്ഷകളിൽ Full A+ or Full A grade കരസ്ഥമാക്കിയ എല്ലാ കുട്ടികൾക്കും പ്രസ്തുത യോഗത്തിൽവച്ച് സമ്മാനങ്ങൾ വിതരണം ചെയ്യുന്നതായിരിക്കും. ബന്ധപ്പെട്ട സ്കൂളുകളിലെ സമ്മാനാർഹരായ എല്ലാ കുട്ടികളും, പ്രഥമാദ്ധ്യാപകരും പ്രസ്തുത യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

*Secretary*



## ചെറുപുഷ്പമിഷൻലീഗ്

*CML 13 /2015* **മേഖലാ ഡയറക്ടേഴ്സ്**

| | | |
|---|---|---|
| 1 | കോതമംഗലം | റവ. ഫാ. മാത്യൂസ് മാളിയേക്കൽ |
| | | റവ. ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത് |
| 2 | മൂവാറ്റുപുഴ | റവ. ഫാ. പോൾ നെടുമ്പുറത്ത് |
| | | റവ. ഫാ. പോൾ അവരാപ്പാട്ട് |
| 3 | കാളിയാർ | റവ. ഫാ. മാത്യു കോണിക്കൽ |
| | | റവ. ഫാ. തോമസ് കണ്ണംകുളം |
| 4 | തൊടുപുഴ | റവ. ഫാ. ജോസ് പുല്ലോപ്പിള്ളിൽ |
| | | റവ. ഫാ. ജോർജ് മാറാപ്പിള്ളിൽ |
| 5 | വാഴക്കുളം | റവ. ഫാ. കുര്യാക്കോസ് കൊടകല്ലിൽ |
| | | റവ. ഫാ. ജെയിംസ് ചൂരത്തൊട്ടി |
| 6 | കരിമണ്ണൂർ | റവ. ഫാ. തോമസ് കുഴിഞ്ഞാലിൽ |
| | | റവ. ഫാ. അഗസ്റ്റിൻ പടിഞ്ഞാറെക്കുറ്റ് |
| 7 | മുതലക്കോടം | റവ. ഫാ. ജോസഫ് അടപ്പൂർ |
| | | റവ. ഫാ. സിറിയക് കോടമുള്ളിൽ |
| 8 | ഊന്നുകൽ | റവ. ഫാ. ജോസഫ് കോയ്ക്കക്കുടി |
| | | റവ. ഫാ. ജോസഫ് കൂനാനിക്കൽ |

കഴിഞ്ഞ പ്രവർത്തനവർഷങ്ങളിൽ മേഖല ഡയറക്ടേഴ്സായും അസി. ഡയറക്ടേഴ്സായും സേവനം ചെയ്ത എല്ലാ ബഹുമാനപ്പെട്ട അച്ചന്മാർക്കും ഹൃദയംഗമമായ നന്ദി. പുതിയ കർമ്മരംഗങ്ങളിൽ എല്ലാ വിജയങ്ങളും നേരുകയും ചെയ്യുന്നു.

*CML 14 /2015* **രൂപത കൗൺസിൽ**

ജൂലൈ 11-ാം തീയതി ശനിയാഴ്ച രാവിലെ 9.30-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ഈ വർഷത്തെ രൂപത കൗൺസിൽ നടത്തുന്നു. എല്ലാ ശാഖകളിലെയും ഭാരവാഹികളെയും മോഡറേറ്റർ സിസ്റ്ററിനെയും ഈ കൗൺസിലിലേക്ക് പറഞ്ഞുവിടുമല്ലോ. മേഖലാ ശാഖാ ഡയറക്ടറച്ചന്മാരും കൗൺസിലിൽ സംബന്ധിച്ച് കുട്ടികളെ പ്രോത്സാഹിപ്പിക്കുമല്ലോ. കൗൺസിലിൽ വച്ച് രൂപതയിലെ മികച്ച ശാഖകൾക്കും മേഖലകൾക്കും കൈയെഴുത്തുമാസികയ്ക്കും സമ്മാനങ്ങൾ നൽകുന്നതായിരിക്കും. അതോടൊപ്പം തന്നെ ഈ വർഷത്തെ രൂപതാ പ്രവർത്തനമാർഗരേഖയും ഈ അവസരത്തിൽ അവതരിപ്പിക്കുന്നതായിരിക്കും.

*CML 15 /2015* **രൂപത മാനേജിംഗ് കമ്മിറ്റി**

ജൂലൈ 10-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 6.00 മണിക്ക്

മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ഈ വർഷത്തെ രൂപത മാനേജിംഗ് കമ്മിറ്റി നടത്തുന്നതായിരിക്കും. എല്ലാ മേഖലകളിലെയും ബഹു. ഡയറക്ടറ ച്ചന്മാരും അസി. ഡയറക്ടറച്ചന്മാരും മോഡറ്റർ സിസ്റ്റേഴ്സും മേഖല ഭാരവാഹികളും ഈ കമ്മിറ്റിയിൽ പങ്കെടുക്കുമല്ലോ.

*CML 16 /2015* **സമ്മാനക്കൂപ്പൺ**

ഈ വർഷത്തെ സമ്മാനക്കൂപ്പണിന്റെ വിതരണം ജൂലൈ 11-ാം തീയതി രൂപത കൗൺസിലിൽ വച്ച് നടത്തപ്പെടുന്നതാണ്. അന്നേദി വസം ശാഖാ ആനിമേറ്റേഴ്സ് കൂപ്പണും അതിന്റെ സമ്മാനങ്ങളും കൊണ്ടുപോകുന്നതിനായി ശ്രദ്ധിക്കുമല്ലോ.

*Director*

## കെ.സി.എസ്.എൽ.

*KCSL 10/2015* **പഠനവിഷയം**

കെ.സി.എസ്.എൽ. ഈ വർഷം തിരഞ്ഞെടുത്തിരിക്കുന്ന വിഷയം "കെ.സി.എസ്.എൽ. സഭയ്ക്കും സമൂഹത്തിനും" (3 തലങ്ങളിൽ - വിശ്വാസം, പഠനം, സേവനം) എന്നതാണ്. കെ.സി.എസ്.എൽ. മുദ്രാവാക്യത്തിന്റെ ക്രിസ്തീയ വൈപുല്യവും മാനുഷികമായ സ്നേഹാദരഭാവങ്ങളും ഈ ഗ്രന്ഥത്തിൽ ചിത്രീകരിച്ചിരിക്കുന്നു. 100 വർഷം പിന്നിടുന്ന കെ.സി.എസ്.എൽ. എന്ന വിദ്യാർത്ഥി സംഘടന വിദ്യാർത്ഥികളുടെ മനോമുകുരങ്ങളിൽ ഇതിനകം തന്നെ പ്രതിഷ്ഠിതമായിരിക്കുന്നു. വിശ്വാസം, പഠനം, സേവനം എന്നീ മേഖലകളിൽ കെ.സി.എസ്.എൽ. നടത്തുന്ന കർമ്മോജ്ജ്വലമായ പ്രവർത്തനങ്ങളുടെ രൂപരേഖയാണ് ഈ പുസ്തകം.

വിശുദ്ധരുടെ ജീവചരിത്രം പഠിക്കുന്നതിന്റെ ഭാഗമായി ഈ വർഷം തിരഞ്ഞെടുത്തിരിക്കുന്നത് ശ്രീലങ്കയുടെ പ്രഥമ വിശുദ്ധനായ വി. ജോസഫ് വാസിനെയാണ്. ത്യാഗോജ്ജ്വലമായ ജീവിതത്തിലൂടെ പിൻതലമുറയ്ക്ക് വഴികാട്ടിയ വി. ജോസഫ് വാസിന്റെ ജീവചരിത്ര ഗ്രന്ഥം നമുക്ക് ഏറെ ഗുണകരമാണ്.

*KCSL 11/2015* **മികച്ച യൂണിറ്റ് & ആനിമേറ്റർ**

കഴിഞ്ഞ വർഷത്തെ മികച്ച യൂണിറ്റുകളായി കല്ലൂർക്കാട് സെന്റ് അഗസ്റ്റിൻസ് യു.പി. സ്കൂളിനെയും പോത്താനിക്കാട് സെന്റ് സേവ്യേഴ്സ് ഹൈസ്കൂളിനെയും മുതലക്കോടം സെന്റ് ജോർജ് ഹയർ സെക്കന്ററി സ്കൂളിനെയും തിരഞ്ഞെടുത്തു. അഭിവന്ദ്യപിതാവ് ട്രോഫി



കൾ നല്കി അഭിനന്ദിച്ചു. മികച്ച ആനിമേറ്ററായി തെരഞ്ഞെടുക്കപ്പെട്ട സി. ജ്യോതിസ് എസ്.എ.ബി.എസിന് മെമന്റോ നൽകി ആദരിച്ചു.

*KCSL 12/2015* **മൂല്യബോധവത്കരണ സെമിനാർ**

കെ.സി.എസ്.എൽ. പ്രവർത്തിക്കുന്ന രൂപതയിലെ എല്ലാ സ്കൂളുകളിലെയും 8, 9, 10, +1, +2 ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടി മൂല്യബോധവത്ക്കരണ സെമിനാർ ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ നടത്തേണ്ടതാണ്.

*KCSL 13/2015* **വചനബോർഡ്**

വചനത്തോട് കുട്ടികളിൽ താത്പര്യം ഉണ്ടാകുവാൻ വേണ്ടിയും വചനം പഠിക്കുന്നതിനുമായി വചനബോർഡുകൾ സ്കൂളുകളിൽ സ്ഥാപിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.

*KCSL 14/2015* **സമ്മാനക്കൂപ്പൺ**

ഈ വർഷവും രൂപതാതലത്തിൽ കൂപ്പൺ അടിച്ചിറക്കുന്നു. കൂപ്പൺ ഒന്നിന് 5 രൂപയായിരിക്കും വില. ഓരോ കൂപ്പൺ ബുക്കും പൂർണ്ണമായും ചെലവാക്കുമ്പോൾ കുട്ടിക്ക് 10 രൂപയും യൂണിറ്റിന് 15 രൂപയും കമ്മീഷൻ എടുക്കാവുന്നതാണ്. പൂർണ്ണമാകാത്ത ബുക്കിന് കമ്മീഷൻ ഉണ്ടായിരിക്കുന്നതല്ല. കമ്മീഷൻ കിഴിച്ച് ഒരു ബുക്കിന് 75 രൂപ വീതം 2015 ജൂലൈ 30-ാം തീയതിക്കുമുമ്പ് രൂപതാ ഓഫീസിൽ പണം അടയ്ക്കേണ്ടതാണ്.

*KCSL 15/2015* **അംഗത്വം**

യൂണിറ്റിൽ ജൂലൈ 31-നകം അംഗത്വസ്വീകരണം പൂർത്തിയാക്കുകയും ലിസ്റ്റിന്റെ 3 കോപ്പികളും അംഗത്വഫീസും ആഗസ്റ്റ് 8-ന് ആനിമേറ്റേഴ്സ് സംഗമത്തിന് വരുമ്പോൾ ഓഫീസിൽ ഏല്പിക്കേണ്ടതുമാണ്.

*Director*

## സോഷ്യൽ സർവീസ്

*SS. 19 /2015* **സ്വാഗതം**

സോഷ്യൽസർവീസ് സൊസൈറ്റിയുടെ അസ്സോസ്സിയേറ്റ് ഡയറക്ടറായി ചുമതലയേറ്റ റവ. ഫാ. ജോസ് മൂർക്കാട്ടിലിന് KSSS-ലേക്ക് ഹൃദ്യമായ സ്വാഗതം.

*SS. 20 /2015* **ആശാകിരണം വോളന്റിയർ മീറ്റ്**

കാൻസർ രോഗികളുടെ ക്ഷേമത്തിനായി കോതമംഗലം

സോഷ്യൽ സർവീസ് സൊസൈറ്റി രൂപതാതലത്തിൽ നടപ്പിലാക്കുന്ന ആശാകിരണം പദ്ധതിയിലെ വോളന്റിയർ മീറ്റ് 2015 ജൂലൈ 2-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തപ്പെടുന്നതാണ്. രാവിലെ 10-ന് ആരംഭിക്കുന്ന സമ്മേളനം അഭിവന്ദ്യ ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്യും. കാരിത്താസ് ഇന്ത്യ അസ്സി. ഡയറക്ടർ ഫാ. പോൾ മൂഞ്ഞേലി മുഖ്യപ്രഭാഷണം നടത്തും. ആശാകിരണം പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്ന ഈ സമ്മേളനത്തിലേക്ക് എല്ലാ ഇടവകകളിൽ നിന്നും 2 വോളന്റിയർമാരെ വീതം പറഞ്ഞയയ്ക്കുവാൻ ബഹുമാനപ്പെട്ട ഇടവക വികാരിമാർ ശ്രദ്ധിക്കുമല്ലോ.

*SS. 21/2015* **ഉന്നതവിജയം നേടിയ പ്ലസ് ടു വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി**

കേരളസംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ വിദ്യാഭ്യാസ പ്രോത്സാഹനപദ്ധതിയുടെ ഭാഗമായി ഇക്കഴിഞ്ഞ പ്ലസ് ടു പരീക്ഷയ്ക്ക് എല്ലാ വിഷയങ്ങളിലും A പ്ലസ് ലഭിച്ചവരും മറ്റു പിന്നോക്ക വിഭാഗത്തിൽ (OBC) പ്പെട്ടവരുമായ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. ഒറ്റത്തവണയായി 5000/- രൂപയാണ് സ്കോളർഷിപ്പ് നൽകുന്നത്.

അപേക്ഷകർ മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവരും 2014-15 വിദ്യാഭ്യാസവർഷത്തിൽ സ്റ്റേറ്റ് സിലബസിൽ പ്ലസ് ടു പഠനം പൂർത്തിയാക്കിയവരും എല്ലാ വിഷയത്തിലും A പ്ലസ് ഗ്രേഡ് ലഭിച്ചവരുമായിരിക്കണം. കുടുംബ വാർഷിക വരുമാനം 103000/- രൂപയിൽ താഴെയായിരിക്കണം.

അപേക്ഷ ഫോറം www.ksbcdc.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷ ഫോറം, പ്ലസ് ടു മാർക്ക് ലിസ്റ്റിന്റെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ് (അക്കൗണ്ട് നമ്പർ IFSC കോഡ് എന്നിവ രേഖപ്പെടുത്തിയ പേജ്), ജാതി തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അല്ലെങ്കിൽ ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ്, കഴിഞ്ഞ 6 മാസത്തിനകം ലഭിച്ച കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം 2015 ജൂലൈ മാസം 31-ാം തീയതിക്കകം മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, 'സെന്റിനൽ' മൂന്നാംനില, പാറ്റൂർ, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം - 695 035 എന്ന വിലാസത്തിൽ സമർപ്പിക്കണം.



അപേക്ഷ അയയ്ക്കുന്ന കവറിനു മുകളിൽ 'സ്കോളർഷിപ്പ് പദ്ധതി അപേക്ഷ' എന്ന് രേഖപ്പെടുത്തിയിരിക്കണം.

*Director*

## യുവദീപ്തി

*YD 14/2015* **യുവജനദിനം**

ജൂലൈ മാസം 5-ാം തീയതി നാം യുവജനദിനമായി ആചരിക്കുന്നു. അന്നേ ദിവസം യൂണിറ്റുകളിൽ വ്യത്യസ്തമായ രീതിയിൽ ആഘോഷിക്കുവാൻ പരിശ്രമിക്കുമല്ലോ. യുവജനങ്ങളുടെ ദിനമായ അന്നേ ദിവസം പ്രാർത്ഥനയിലും സത്കർമ്മങ്ങളിലും വ്യാപരിക്കുവാൻ കെ.സി.വൈ.എം. പ്രവർത്തകരായ നമുക്ക് കടമയുണ്ട് എന്ന് ഓർമ്മിപ്പിക്കട്ടെ.

*YD 15/2015* **അർദ്ധവാർഷിക കൗൺസിൽ**

യുവദീപ്തി-കെ.സി.വൈ.എം. കഴിഞ്ഞുപോയ 6 മാസത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും, നടത്തിയ പ്രവർത്തനങ്ങളുടെ വിശദീകരണങ്ങൾ നടത്തുന്നതിനും, തുടർന്നു വരുന്ന 6 മാസക്കാലം എങ്ങനെ പ്രവർത്തനങ്ങൾ നടപ്പിലാക്കണമെന്ന് ആലോചിക്കുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും ജൂലൈ മാസം 18-ാം തീയതി രാവിലെ 9 മണിക്ക് നെസ്റ്റ് മൂവാറ്റുപുഴയിൽ ഒരുമിച്ചുകൂടുന്നു. എല്ലാ ഫൊറോന ഭാരവാഹികളും നിർബന്ധമായും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

*YD 16/2015* **യുക്യാറ്റ് ഫൊറോനതലം**

ഫൊറോന തലത്തിൽ ജൂലൈ 19-ാം തീയതി ക്വിസ് മത്സരം നടത്തുവാൻ ഫൊറോന ഭാരവാഹികൾ പരിശ്രമിക്കുക. പഠനഭാഗം യുക്യാറ്റ് ഒന്നാം ഭാഗം.

*Director*

## ജീസസ് യൂത്ത്

*JY 15/2015* **'U' turn Follow Up**

'U' turn യുവജനകോൺഫ്രൻസിൽ പങ്കെടുത്ത യുവജനങ്ങൾക്കായി ജൂൺ 6-ാം തീയതി ന്യൂമാൻ കോളേജിൽ വച്ച് Follow up നടത്തി. നൂറ്റിമുപ്പതോളം യുവജനങ്ങൾ പങ്കെടുത്തു. രാവിലെ 9 മണിക്ക് തുടങ്ങി വൈകിട്ട് 4 മണിക്ക് ആരാധനയോടുകൂടി അവസാനിച്ചു.

*JY 16 /2015* **Night Vigil**

ജീസസ് യൂത്ത് കോതമംഗലം സോൺ നൈറ്റ് വിജിൽ ജൂൺ 13-ാം തീയതി വൈകിട്ട് 6.00 pm -ന് തുടങ്ങി ജൂൺ 14-ാം തീയതി 1.00 am-ന് വി. ബലിയോടുകൂടി സമാപിച്ചു. അടുത്ത നൈറ്റ് വിജിൽ ജൂലൈ 11-ാം തീയതി ആയിരിക്കും.

*Animator*

## ഫാമിലി അപ്പോസ്തലേറ്റ്

*FA 20 /2015* **അഖണ്ഡ ജപമാല**

രൂപതാ എപ്പാർക്കിയൽ അസംബ്ലിയോടനുബന്ധിച്ച് ജൂലൈ 19 മുതൽ 23 വരെ ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ അഖണ്ഡ ജപമാല നടത്തുന്നു. രൂപതാ, ഫൊറോന, ഇടവക, വാർഡ് തല ഭാരവാഹികൾക്ക് സ്വന്തം ഭവനത്തിലായിരുന്നുകൊണ്ട് അഖണ്ഡ ജപമാലയിൽ പങ്കെടുക്കാവുന്നതാണ്.

*FA 21 /2015* **സമർപ്പിതവർഷാചരണം**

സമർപ്പിതവർഷത്തോടനുബന്ധിച്ച് ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ പ്രായമായവരും രോഗികളുമായ എല്ലാ സമർപ്പിതരെയും പ്രത്യേകം ആദരിക്കുന്നു. ഇതിന്റെ ഭാഗമായി ജൂലൈ 4-ാം തീയതി FCC വാഴപ്പിള്ളിയിലും 25-ാം തീയതി CMC ആരക്കുഴയിലും ഡയറക്ടർ ഫാ. പോൾ കാരക്കൊമ്പിലിന്റെ നേതൃത്വത്തിൽ രൂപതാ ടീം സന്ദർശനം നടത്തുന്നതാണ്.

*FA 22 /2015* **ദ്വിദിനധ്യാനം**

ഫാമിലി അപ്പോസ്തലേറ്റ് രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 10-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ 11-ാം തീയതി വൈകിട്ട് 4 മണിവരെ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് ഭാരവാഹികൾക്കായുള്ള ധ്യാനം നടത്തുന്നു.

*FA 23 /2015* **മദ്ധ്യസ്ഥപ്രാർത്ഥനയും ഫാമിലി കൗൺസലിംഗും**

ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിലുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയും കൗൺസലിംഗും ജൂലൈ 29 ബുധൻ രാവിലെ 10 മുതൽ വൈകിട്ട് 3.30 വരെ മൂവാറ്റുപുഴ NESTT-ൽ വച്ച് നടത്തപ്പെടുന്നതാണ്.

*FA 24 /2015* **വിവാഹ ഒരുക്ക സെമിനാർ**

| | | |
|---|---|---|
| ജൂലൈ | 1 - 3 | NESTT |
| ” | 15 - 17 | NESTT |



*FA 25 /2015* **വിവാഹ ഒരുക്ക സെമിനാർ വിവിധ രൂപതകളിൽ**

**ആഗസ്റ്റ് 2015**

| | |
|---|---|
| ചങ്ങനാശ്ശേരി | 10-12, 17-19, 24-26 |
| എറണാകുളം | 3-5, 10-12, 12-14, 18-20, 17-19, 24-26, 25-27 |
| ഇടുക്കി | 10-12, 31-3 |
| ഇരിങ്ങാലക്കുട | 10-12, 17-19, 24-26 |
| കാഞ്ഞിരപ്പിള്ളി | 3-5, 20-22 |
| കോതമംഗലം | 5-7, 19-21 |
| കോട്ടയം | 6-8 |
| മാനന്തവാടി | 2-5, 14-17, 21-24 |
| പാലാ | 3-5, 17-19 |
| പാലക്കാട് | 3-6 |
| തലശ്ശേരി | 11-13, 25-27 |
| താമരശ്ശേരി | 5-8 |
| തൃശൂർ | 5-7, 12-14, 19-21, 26-28 |

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 2 /2015* **സബ്സോണുകളുടെ പുനഃസംഘടന**

കോതമംഗലം സോണിലെ എട്ട് സബ്സോണുകളുടെ പുനഃസംഘടന മെയ് മാസത്തിലെ വിവിധ തീയതികളിൽ അതാത് സബ്സോണുകളിൽ നടത്തപ്പെട്ടു.

കോതമംഗലം രൂപതാ കരിസ്മാറ്റിക് പ്രയർഗ്രൂപ്പ് ഡയറക്ടർ റവ. ഫാ. ജോർജ് ചേറ്റൂർ, അസി. ഡയറക്ടർ റവ. ഫാ. തോമസ് കല്ലറയ്ക്കൽ, സോണൽ സർവീസ് ടീം അംഗങ്ങൾ എന്നിവർ പുനഃസംഘടനയ്ക്ക് നേതൃത്വം നൽകി.

**സോണൽ കോ-ഓർഡിനേറ്റർ** - സോജൻ കെ. പോൾ, കുഴിക്കാട്ടുമ്യാലിൽ, പന്നൂർ പി.ഒ., കരിമണ്ണൂർ Ph. 9446131451

**സബ്സോൺ സേവനസമിതി അംഗങ്ങൾ :**

| സബ്സോൺ | | കോ-ഓർഡിനേറ്റർ |
|---|---|---|
| 1 കരിമണ്ണൂർ | - | ജോർജ് വർഗീസ്, കേളകത്ത്, മുതലക്കോടം |
| 2 തൊടുപുഴ | - | മാത്യു കെ.എ., കൊട്ടാരത്തിൽ, നാകപ്പുഴ |
| 3 മാറിക | - | തോമസ് ജോൺ, കോക്കണ്ടം, മാറിക |
| 4 വാഴക്കുളം | - | അഗസ്റ്റിൻ എം.എ., മണ്ണാംപറമ്പിൽ, കല്ലൂർക്കാട് |
| 5 മൂവാറ്റുപുഴ | - | ജോസ് ആന്റണി കാവുംപുറം, കാരക്കുന്നം |

6 കോതമംഗലം – ജോൺ അലക്സ് വാണിയപ്പുരയ്ക്കൽ, കോതമംഗലം
7 പൈങ്ങോട്ടൂർ – മാത്യൂസ് ആന്റണി വെമ്പിള്ളിൽ, കലൂർ
8 ഊന്നുകൽ – ശ്രീമതി ബേബി ജോസ് കളപ്പുരയ്ക്കൽ, പുലിയൻപാറ

*PG 3 /2015* **സബ് റീജിയൺ പുനഃസംഘടന**

കോതമംഗലം, ഇടുക്കി, കട്ടപ്പന എന്നീ സോണുകൾ ഉൾക്കൊള്ളുന്ന ഈസ്റ്റേൺ സബ്-റീജിയൺ പുനഃസംഘടന ഡയറക്ടർ റവ. ഫാ. ജയിംസ് കക്കുഴിയുടെ നേതൃത്വത്തിൽ നടത്തി. സബ് റീജിയൺ കോ-ഓർഡിനേറ്റർ ആയി കോതമംഗലം രൂപതയിലെ ശ്രീ. പി. ആർ. ആന്റണി പനച്ചിത്തറ (വാഴക്കുളം) തിരഞ്ഞെടുക്കപ്പെട്ടു. മൂന്നു സോണുകളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുത്തു.

*PG 4/2015* **പന്തക്കുസ്താ ദിനാചരണവും അഭിഷേകപ്രാർത്ഥനയും**

കോതമംഗലം രൂപത കരിസ്മാറ്റിക് പ്രാർത്ഥന ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ പന്തക്കുസ്താ ദിനാചരണം വാഴക്കുളം എമ്മാനുവേൽ ധ്യാനകേന്ദ്രത്തിൽ വച്ച് മെയ് 22-ന് വെള്ളിയാഴ്ച നടത്തപ്പെട്ടു.

രാവിലെ 9.30-ന് ജപമാലയോടുകൂടി ആരംഭിച്ചു. രൂപതാ പ്രാർത്ഥനാഗ്രൂപ്പ് ഡയറക്ടർ ഫാ. ജോർജ് ചേറ്റൂർ, അസി. ഡയറക്ടർ ഫാ. തോമസ് കല്ലറയ്ക്കൽ, വാഴക്കുളം സെന്റ്ജോർജ് ഫൊറോന സഹവികാരി ഫാ. ജോസ് ഏഴാനിക്കാട്ട് CST എന്നിവർ വി. കുർബാനയ്ക്ക് കാർമ്മികത്വം വഹിച്ചു.

രൂപത വികാരി ജനറാൾ മോൺ. ജോർജ് ഓലിയപ്പുറം വചന സന്ദേശം നൽകി. ദിവ്യകാരുണ്യ ആരാധന ഫാ. ജോസഫ് നിരവത്ത് നയിച്ചു. തുടർന്ന് പുതിയതായി തിരഞ്ഞെടുക്കപ്പെട്ട സോൺ, സബ്-സോൺ സർവീസ് ടീം അംഗങ്ങൾക്ക് വെഞ്ചരിച്ച തിരികൾ കത്തിച്ചു നൽകി. എല്ലാവരെയും തൈലം പൂശി അഭിഷേകപ്രാർത്ഥന നടത്തുകയും ചെയ്തു. എട്ട് സബ്സോണുകളിൽ നിന്നും ആയി 700 പേർ പങ്കെടുത്തു. ശുശ്രൂഷകൾക്ക് കോതമംഗലം സോണൽ കരിസ്മാറ്റിക് സർവ്വീസ് ടീം നേതൃത്വം നൽകി.

*Director*

## മാതൃദീപ്തി

*MD 18 /2015* **നന്ദി.... സ്വാഗതം...**

കോതമംഗലം രൂപതയുടെ ഫാമിലി അപ്പസ്തോലേറ്റ്, മാതൃദീപ്തി, മരിയൻ സിംഗിൾസ് തുടങ്ങിയ പ്രേഷിത പ്രവർത്തനങ്ങളിൽ 8 വർഷത്തോളം മോഡറേറ്ററായി സേവനം ചെയ്ത സി. റെജിൻ മരിയ FCC-യെ നന്ദിയോടെ ഓർക്കുകയും ഭാവിപ്രവർത്തനങ്ങൾക്ക് ആശംസകൾ നേരുകയും ചെയ്യുന്നു. പ്രസ്തുത തസ്തികയിലേക്ക് പുതുതായി വന്ന റവ. സി. ഹിൽഡ CHF-നെ സ്വാഗതം ചെയ്യുന്നു.



*MD 19 /2015* **രൂപതാകൗൺസിൽ**

25-06-2015-ൽ മാതൃദീപ്തിയുടെ രൂപതാകൗൺസിൽ നടന്നു. വരും വർഷത്തേയ്ക്ക് ചെയ്യേണ്ട കർമ്മപദ്ധതിയുടെ അവലോകനം നടത്തി.

*MD 20 /2015* **വിവാഹസഹായം**

2015 ഏപ്രിൽ, മെയ് മാസങ്ങളിൽ വിവാഹസഹായം കൊടുത്ത പള്ളികൾ രേഖപ്പെടുത്തുന്നു.

| | | | |
|---|---|---|---|
| ആരക്കുഴ | 10000 | നെടിയശാല | 10000 |
| പെരിങ്ങുഴ | 5000 | പൂയംകുട്ടി | 10000 |
| പെരുമ്പല്ലൂർ | 5000 | ഏഴല്ലൂർ | 10000 |
| കല്ലാനിക്കൽ | 10000 | തൊടുപുഴ ടൗൺ | 10000 |
| ചെപ്പുകുളം | 10000 | കുട്ടമ്പുഴ | 10000 |
| തൊമ്മൻകുത്ത് | 10000 | കല്ലൂർക്കാട് | 10000 |
| മാലിപ്പാറ | 5000 | കാളിയാർ | 10000 |

*Director*

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 2 /2015* **വാർഷികാഘോഷങ്ങൾ**

കോതമംഗലം സെൻട്രൽ കൗൺസിലിൽപ്പെട്ട 12 ഏരിയാ കൗൺസിലുകളിലെയും വാർഷികാഘോഷങ്ങൾ പൂർത്തിയായി. എല്ലാ കോൺഫ്രൻസുകളുടെയും റിപ്പോർട്ടും കണക്കും വാർഷികവേളയിൽ അവതരിപ്പിക്കുകയുണ്ടായി. പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദമായ വിലയിരുത്തലും ചർച്ചകളും നടന്നു. ഏരിയാ കൗൺസിൽ ആദ്ധ്യാത്മിക ഉപദേഷ്ടാക്കൾ യോഗത്തിൽ സംബന്ധിക്കുകയും വിൻസെൻഷ്യൻ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിക്കുകയുമുണ്ടായി. പൈങ്ങോട്ടൂർ ഏരിയാ കൗൺസിൽ വാർഷികത്തോടനുബന്ധിച്ച് ബ്ര. ഔസേപ്പച്ചൻ പുതുമനയുടെ നേതൃത്വത്തിൽ സെമിനാർ സംഘടിപ്പിച്ചു. അദ്ദേഹം വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ച് സംസാരിച്ചു. എല്ലാ ഏരിയാ കൗൺസിലും ഏറ്റവും നല്ല കോൺഫ്രൻസുകൾക്ക് ട്രോഫിയും KRCC സംഘടിപ്പിച്ച മത്സരങ്ങളിൽ പങ്കെടുത്തവർക്ക് സമ്മാനവും നല്കി. CC പ്രസിഡന്റ് ബ്ര. അഡ്വ. ബാബു കുമ്പളാങ്കൽ, CC ബോർഡ് അംഗങ്ങൾ മുതലായവർ യോഗങ്ങളിൽ സംബന്ധിച്ചു.

*SV 3 /2015* **കട്ടിൽ വിതരണം**

കോതമംഗലം CC-ൽപ്പെട്ട മഞ്ഞള്ളൂർ ബസ്ലഹം ഹോളിഫാമിലി കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ ഇടവകയിൽനിന്നും തിരഞ്ഞെടുത്ത 12 കുടുംബങ്ങൾക്കുള്ള കട്ടിൽ വിതരണപരിപാടിയുടെ ഉദ്ഘാടനം 19-04-2015 ഞായറാഴ്ച ബ്ര. പോൾസൺ ആടുകുഴിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് CC സെക്രട്ടറി ബ്ര. ബേബി ജോസഫ് നിർവഹിച്ചു. വാഴക്കുളം എ.സി. ഭാരവാഹികൾ പങ്കെടുത്ത യോഗത്തിൽ എ.സി. പ്രസിഡന്റ് ബ്ര. വക്കച്ചൻ പോത്തനാംമുഴി ആശംസകൾ നേർന്നു. ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ജോൺ തോട്ടത്തിമ്യാലിൽ അനുഗ്രഹപ്രഭാഷണം നടത്തി. ബ്ര. ജോണി വെട്ടിയാങ്കൽ സ്വാഗതവും സി. ലില്ലി പോൾസൺ നന്ദിയും പറഞ്ഞു.

*SV 4 /2015* **ഓസാനം കാർഷിക അവാർഡ് വിതരണം**

രൂപതാദ്ധ്യക്ഷന്റെ പ്രത്യേക ആഹ്വാനമനുസരിച്ച് എല്ലാ കുടുംബങ്ങളിലും അടുക്കളത്തോട്ടം വച്ചു പിടിപ്പിക്കുന്നതിന് പ്രോത്സാഹനമായി കടവൂർ ഇടവകയിൽ ഓസാനം കാർഷിക അവാർഡ് പദ്ധതി രൂപീകരിച്ചു. വിജയികളെ കണ്ടെത്തി, ഒന്നും രണ്ടും മൂന്നും സ്ഥാനം ലഭിച്ചവർക്ക് ക്യാഷ് അവാർഡ് നൽകി. കെ.വി. പത്രോസ് കളപ്പുരയ്ക്കൽ, കെ.പി. രാജു കണിവള്ളിത്താഴത്ത്, ബൈജു ജോർജ് തെക്കേക്കുന്നേൽ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. പള്ളിയങ്കണത്തിൽ കൂടിയ യോഗത്തിൽ വികാരി, റവ. ഫാ. കുര്യാക്കോസ് കച്ചിറമറ്റം വിജയികൾക്ക് അവാർഡ് നൽകി. യോഗത്തിൽ എ.സി. പ്രസിഡന്റ് മാത്യു താഴത്തുകുന്നേലും ഇടവകജനങ്ങളും സന്നിഹിതരായിരുന്നു.

*Director*

## NESTT Programme

**Ph. 0485 - 2830033**

| | | |
|---|---|---|
| July | 1 - 3 | - Pre- Marriage Course |
| " | 4 - 5 | - Vincent De Paul Meeting |
| " | 10 - 11 | - CML and Family Apostolate Gathering |
| " | 15 - 17 | - Pre- Marriage Course |
| " | 18 | - KCYM Meeting |
| " | 19 - 23 | - Eparchial Assembly |
| " | 28 - 30 | - Work shop |

*Director*



## Festal Greetings

| | | | |
|---|---|---|---|
| Rev. Fr. | Kachiramattom Kuriakose | **July** | 15 |
| " | Kodakallil Kuriakose | " | 15 |
| " | Njaloor Cyriac | " | 15 |
| " | Aikkaramattam James | " | 25 |
| " | Arackal James | " | 25 |
| " | Choorathottiyil James | " | 25 |
| " | Ezhanikatt James | " | 25 |
| " | Kakkuzhi James | " | 25 |
| " | Kalapurackal Jacob | " | 25 |
| " | Kalapurayil James | " | 25 |
| " | Karakompil James | " | 25 |
| " | Kurianal James | " | 25 |
| " | Mannathukaran Jacob | " | 25 |
| " | Mundolickal James | " | 25 |
| " | Panachickal James | " | 25 |
| " | Puthiyedath Jacob | " | 25 |
| " | Rathappillil Jacob | " | 25 |
| " | Thalappillil Jacob | " | 25 |
| " | Thayyil James | " | 25 |
| " | Vadakekudy James | " | 25 |
| " | Vadakel James | " | 25 |
| " | Vadakumparambil Jacob | " | 25 |
| " | Vararappally James | " | 25 |
| " | Vattappallil Jacob | " | 25 |
| " | Vembilly James | " | 25 |

## വാർത്തയും വിശേഷങ്ങളും

### Inner Healing Retreat

Divine Retreat Centre, Muringoor is conducting an inner healing retreat in English for priests and religious which is led by Rev. Fr. Mathew Naikamparambil VC, Rev. Fr. Jacob Arimpur and Rev. Fr. Augustine Vallooran VC. The retreat begins at 6.pm on Sunday 1st November 2015 and ends by 2.00 pm on Friday 6th November 2015.

### Retreat and Formation for Spiritual Leadership

Divine retreat centre Muringoor is conducting a special retreat

and formation for spiritual leadership in English for priests, religious and the lay leaders. The retreat begins on 2nd August 2015 Sunday 6.00 pm and ends by 7th August, 2015 Friday 2.00 pm.

Retreat Fee - ₹ 400

Prior registration is not required

**എസ്.എച്ച്. ലീഗ് പുസ്തകമേള:**

ആലുവ മംഗലപ്പുഴ സെമിനാരിയിൽ

- ജൂലൈ 15-ന് പുസ്തകമേള അവസാനിക്കുന്നു.
- പ്രവർത്തനസമയം 9.00 am മുതൽ 4.00 pm വരെ
- 10% മുതൽ 50% വരെ വിലക്കുറവ്
- ഇന്ത്യയിലെ പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ
- സൺഡേ സ്കൂൾ ലൈബ്രറികൾക്ക് പ്രത്യേക പരിഗണന

Contact Ph. 0485- 2606745, 260746

Email: shleaguealwaye@gmail.com

**"സ്വാഭിമാനവും മനുഷ്യബന്ധങ്ങളും"**

- Work shop
- NESTT - ൽ വച്ച് ജൂലൈ 28, 29, 30 തീയതികളിൽ
- 9 മണി മുതൽ 4.30 വരെ.
- നയിക്കുന്നത് : ഫാ. എഫ്രേം SJ (ഡയറക്ടർ, ശാന്തിഗിരി Psychology & Counselling Institute)

---

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**മെയ്**

21 • ഏനാനല്ലൂർ പള്ളിയിൽ കപ്പാട് ബനഡിക്റ്റൻ സഭാംഗമായ പോത്തനാമുഴി ബഹു. വർഗീസ് മ്ശംശാനയ്ക്ക് തിരുപ്പട്ടം നൽകി.

• ആയവന പള്ളിയിൽ ഒറോപ്ലാക്കൽ ബഹു. ജോൺസൺ അച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

22 • മൂവാറ്റുപുഴയിൽ നിർമ്മല ബി.ഫാം. കോളേജിനോട് അനുബന്ധിച്ച് പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിക്കുകയും ബി.ഫാം. കോളേജിന്റെ ദശവത്സര ആഘോഷം ഉദ്ഘാടനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.



• ബിഷപ്സ് ഹൗസിൽ നടന്ന ഫിനാൻസ് കൗൺസിലിൽ അദ്ധ്യക്ഷത വഹിച്ചു.

23 • MSJ ജനറലേറ്റിൽ 13 സന്യാസിനികളുടെ നിത്യവ്രതവാഗ്ദാനത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

• രൂപതാ കേന്ദ്രത്തിൽ നിന്ന് വിവിധ ഇടങ്ങളിലേക്ക് സ്ഥലം മാറിപ്പോകുന്ന ബഹു. അച്ചന്മാരെ യാത്രയാക്കുകയും രൂപതാകേന്ദ്രത്തിലേക്ക് പുതുതായി വന്ന അച്ചന്മാരെ സ്വീകരിക്കുകയും ചെയ്തു.

24 • നെയ്യശ്ശേരി പള്ളിയിൽ ചൂരത്തൊട്ടി ബഹു. പോൾ അച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

25 • ഇഞ്ചൂർ പള്ളിയിൽ മണിയാട്ട് ജീമോൻ-ബ്രജീത്ത ദമ്പതികളുടെ നാലാമത്തെ കുട്ടിയുടെ പ്രാരംഭകൂദാശ സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

• ഏനാനല്ലൂർ പള്ളിയിൽ മലേക്കുടി ബഹു. തോമസച്ചന്റെ പൗരോഹിത്യസ്വീകരണ സുവർണ്ണജൂബിലി ആഘോഷങ്ങളോടനുബന്ധിച്ചു നടത്തിയ പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

26 • വടാട്ടുപാറ പള്ളിയിൽ ആഞ്ഞിലിക്കുഴി സജി-റീന ദമ്പതികളുടെ നാലാമത്തെ കുട്ടിയുടെ പ്രാരംഭകൂദാശ സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

27 • ബിഷപ്സ് ഹൗസിൽ നടന്ന ലിറ്റർജി കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

• തങ്കളം MSJ Nursing College -ൽ വി. കുർബാനയർപ്പിച്ച് സന്ദേശം മീറ്റിംഗിൽ നൽകി.

• കോളേജ് പ്രിൻസിപ്പൽമാരുടെയും വൈസ് പ്രിൻസിപ്പൽമാരുടെയും ബർസാർമാരുടെയും മീറ്റിംഗിൽ പങ്കെടുത്തു.

28 • സാൻജോ ഭവനിൽ (SABS) വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

29 • രാമല്ലൂർ CSN പ്രൊവിൻഷ്യൽ ഹൗസിൽ സി. ഓസ്റ്റിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

30 • രൂപതയിലെ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ

കീഴിലുള്ള കോളേജുകളിലെ HOD മാരുടെ സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

- ഭരണങ്ങാനം അസ്സീസ്സി ആശ്രമത്തിൽ അഭിവന്ദ്യ പീറ്റർ സെല സ്റ്റിൻ മെത്രാന്റെ മൃതശരീരത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.
- MSJ സന്യാസിനീ സമൂഹത്തിലെ ആദ്യഅംഗങ്ങളിൽ ഒരാളായ മദർ ട്രീസയുടെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

31 • ഈസ്റ്റ് വാഴപ്പിള്ളി ക്ലാരമഠം ചാപ്പലിൽ ഫ്രാൻസിസ്കൻ ക്ലാര സഭാംഗമായ സി. ഇസിദോർ തോട്ടത്തിലിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

- തിരുഹൃദയസന്യാസിനീ സമൂഹത്തിലെ കോതമംഗലം ജ്യോതി പ്രൊവിൻസ് അംഗമായ സി. മേരി അസൂന്ത കലമറ്റത്തിലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മൈലക്കൊമ്പ് മഠം ചാപ്പലിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**ജൂൺ**

1 • മൂവാറ്റുപുഴ നിർമ്മല ഹയർ സെക്കന്ററി സ്കൂളിൽ 2015-16 അദ്ധ്യയനവർഷത്തിലെ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

- ജഗദൽപൂർ രൂപത ബിഷപ്പ് മാർ ജോസഫ് കൊല്ലംപറമ്പിലിന്റെ പിതാവ്, ചേർപ്പുങ്കൽ, മുത്തോലി, കെ.റ്റി. ജോസഫിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

2-3 • മൂവാറ്റുപുഴ ലിസ്യൂ സെന്ററിൽ വച്ച് നടന്ന മെത്രാന്മാരുടെ മാസ ധ്യാനത്തിൽ പങ്കെടുത്തു.

4 • മൂവാറ്റുപുഴ എസ്.എച്ച്. മിഷൻഹൗസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

- കരിമണ്ണൂർ സെന്റ് ജോസഫ്സ് ഹയർസെക്കന്ററി സ്കൂളിലെ എൻ.എസ്. എസ്. സംഘടനയുടെ ആഭിമുഖ്യത്തിൽ നിർമ്മിച്ച 'സഹപാഠിക്കൊരു വീടിന്റെ' താക്കോൽദാനം നിർവഹിച്ചു.
- രൂപത മൈനർ സെമിനാരിയിൽ 2015-16 അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

6 • പന്നിമറ്റം പള്ളിയിൽ ബഹു. കടുകമ്മാക്കൽ ജോർജ് അച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

- കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ വിൻസെന്റ് ഡി പോൾ സംഘടനയുടെ വാർഷികത്തിന് ആദ്ധ്യക്ഷ്യം വഹിച്ച് സന്ദേശം നൽകി.



- മൈലക്കൊമ്പ് പള്ളിയിൽ ഓടയ്ക്കൽ ടോമി- ജയ്മോൾ ദമ്പതികളുടെ ആറാമത്തെ കുട്ടിയുടെ പ്രാരംഭകൂദാശ സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

8 • കോട്ടയം ആമോസ് സെന്ററിൽ നടന്ന കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ വാർഷിക മീറ്റിംഗിൽ പങ്കെടുത്തു.

9 • തൊടുപുഴ ഇടവക, താഴത്തുവീട്ടിൽ ശ്രീ. പി. സി. ചാക്കോ (Ex. MLA) യുടെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

9-11 • കെ.സി.ബി.സി. - പി.ഒ.സി.

12 • പൈങ്കുളം എസ്.എച്ച്. ഹോസ്പിറ്റലിൽ തിരുഹൃദയതിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

- കുണിഞ്ഞി ഇടവകയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും പള്ളിയുടെ ഇരുവശങ്ങളിലും കൂട്ടിച്ചേർത്ത ഭാഗങ്ങൾ വെഞ്ചരിക്കുകയും ചെയ്തു.
- നെസ്റ്റിൽ വച്ചു നടന്ന എ.കെ.സി.സി. നേതൃത്വപരിശീലനക്യാമ്പ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

13 • മാതാവിന്റെ വിമലഹൃദയതിരുനാളിനോടനുബന്ധിച്ച് കത്തീഡ്രലിൽ ദിവ്യബലിയർപ്പിച്ചു.

- ആരക്കുഴ ഇടവക തടത്തിൽ മാണിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.
- മൂവാറ്റുപുഴ സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കന്ററി സ്കൂളിൽ നടന്ന കെ.സി.എസ്.എൽ. രൂപത കൗൺസിൽ വാർഷികം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.
- കീരംപാറ പള്ളിയിൽ മുണ്ടയ്ക്കൽ ബിനു- ജോളി ദമ്പതിമാരുടെ വിവാഹം ആശീർവദിച്ചു.
- വാഴക്കുളം വിശ്വജ്യോതി കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന വിശ്വാസപരിശീലകരുടെ രൂപത കൺവെൻഷന്റെ സമാപന സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

16 • പ്രെസ്ബിറ്ററൽ കൗൺസിൽ

18 • മൂവാറ്റുപുഴ ഇടവക ചിറക്കടവിൽ ബെസ്സി തോമസിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

19 • കത്തീഡ്രലിൽ വച്ചു നടന്ന പ്രാർത്ഥനാഗ്രൂപ്പിന്റെ കോതമംഗലം സോൺ അംഗങ്ങളുടെ കൂട്ടായ്മയിൽ പങ്കെടുത്ത് സന്ദേശം നൽകി.

- കോതമംഗലം എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ റിന്യൂവൽ അസംബ്ലിയോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

20
- വാഴക്കുളം വിശ്വജ്യോതി കോളേജിൽ വച്ച് CRI യുടെ ആഭിമുഖ്യത്തിൽ നടത്തിയ സമർപ്പിത സംഗമത്തിൽ പങ്കെടുത്തു.
- കോതമംഗലം ധർമ്മഗിരി ആശുപത്രിയിൽ പുതുക്കി നിർമ്മിച്ച ചാപ്പലിന്റെ പുനഃപ്രതിഷ്ഠാകർമ്മം നടത്തി.

## Bishop's Engagements

**July 2015**

| | | | | |
|---|---|---|---|---|
| 1-2 | Wed | Seminary Commission Visit | Mangalapuzha | |
| 2 | Thu | Meeting | Kakkanadu | 10.00 am |
| 4 | Sat | Holy Qurbana | MSJ Generalate | 6.15 am |
| | | Meeting: Education | NESTT | 10.00 am |
| 5 | Sun | Holy Qurbana | Ezhalloor | 7.00 am |
| 6 | Mon | " | MSJ Provincial House | 6.15 am |
| 9 | Thu | Engaged | | |
| 11 | Sat | Jubliee | FCC | 9.00 am |
| " | | Annual Meeting: CML | NESTT | 10.00 am |
| 12 | Sun | Pastoral Visit | Oonnukal | |
| 14 | Tue | Epharchial Assembly PrayerDay | Emmanuel Retreat Centre | 11.00 am |
| 15-16 | | Engaged | | |
| 19-23 | | Epharchial Assembly | NESTT | |
| 24 | Fri | Meeting: Canon Law Society | Thiruvalla | |
| 26 | Sun | Holy Qurbana | Bharananganam | 11.00 am |
| 28 | Tue | Holy Qurbana | Uppukunnu | |

### നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോസഫ് പ്ലാത്തോട്ടം | ചരമദിനം | 01-08-1970 |
| ഫാ. ജോസഫ് എടപ്പാട്ടുകാവുങ്കൽ | " | 06-08-2003 |
| ഫാ. വർഗീസ് നമ്പ്യാപറമ്പിൽ | " | 07-08-1994 |
| ഫാ. ജോസഫ് കോയിക്കക്കുടി (Sr.) | " | 07-08-2002 |
| ഫാ. ജോർജ്ജ് എടാട്ടേൽ | " | 16-08-2010 |
| ഫാ. ജേക്കബ് തേവർപാടം | " | 18-08-2008 |
| ഫാ. മാത്യു മാതേയ്ക്കൽ | " | 25-08-1984 |
| ഫാ. സഖറിയാസ് പിട്ടാപ്പിള്ളിൽ | " | 31-08-2000 |



## നിര്യാതരായി

### സി. ഓസ്റ്റിൻ CSN

ഇടവക : ബെത്‌ലേഹം (കോതമംഗലം)
ജനനം : 05-04-1933
ആദ്യവ്രതം : 19-03-1954
നിത്യവ്രതം : 17-03-1959
മരണം : 28-05-2015
മൃതസംസ്കാരം : 29-05-2015 (രാമല്ലൂർ നസ്രത്ത് മഠം)

### സി. ട്രീസ MSJ

ഇടവക : പുളിങ്കുന്ന്
ജനനം : 22-08-1926
ആദ്യവ്രതം : 03-07-1946
നിത്യവ്രതം : 03-07-1955
മരണം : 29-05-2015
മൃതസംസ്കാരം : 30-05-2015 (ധർമ്മഗിരി പ്രൊവിൻഷ്യൽ ഹൗസ് തങ്കളം)

### സി. അസൂന്ത കലമറ്റത്തിൽ SH

ഇടവക : കുറവിലങ്ങാട്
ജനനം : 07-07-1933
ആദ്യവ്രതം : 02-02-1958
നിത്യവ്രതം : 02-05-1961
മരണം : 29-05-2015
മൃതസംസ്കാരം : 31-05-2015 (മൈലക്കൊമ്പ്)

### സി. അനസ്താസിയ SABS

ഇടവക : പാറപ്പുഴ
ജനനം : 02-12-1919
ആദ്യവ്രതം : 09-06-1947
നിത്യവ്രതം : 19-12-1951
മരണം : 21-06-2015
മൃതസംസ്കാരം : 22-06-2015 (മാറിക)